TB/V/2016/300



# സാമൂഹ്യശാസ്ത്രം

## ഭാഗം 2

## ക്ലാസ് 5

കേരളസർക്കാർ
വിദ്യാഭ്യാസവകുപ്പ്



# ഭാരതത്തിന്റെ ഭരണഘടന

## ഭാഗം IV ക

## മൗലിക കർത്തവ്യങ്ങൾ

51 ക. മൗലിക കർത്തവ്യങ്ങൾ - താഴെപ്പറയുന്നവ ഭാരതത്തിലെ ഓരോ പൗരന്റെയും കർത്തവ്യം ആയിരിക്കുന്നതാണ്:

(ക) ഭരണഘടനയെ അനുസരിക്കുകയും അതിന്റെ ആദർശങ്ങളെയും സ്ഥാപനങ്ങളെയും ദേശീയപതാകയെയും ദേശീയഗാനത്തെയും ആദരിക്കുകയും ചെയ്യുക;

(ഖ) സ്വാതന്ത്ര്യത്തിനുവേണ്ടിയുള്ള നമ്മുടെ ദേശീയസമരത്തിന് പ്രചോദനം നൽകിയ മഹനീയാദർശങ്ങളെ പരിപോഷിപ്പിക്കുകയും പിൻതുടരുകയും ചെയ്യുക;

(ഗ) ഭാരതത്തിന്റെ പരമാധികാരവും ഐക്യവും അഖണ്ഡതയും നിലനിർത്തുകയും സംരക്ഷിക്കുകയും ചെയ്യുക;

(ഘ) രാജ്യത്തെ കാത്തുസൂക്ഷിക്കുകയും ദേശീയ സേവനം അനുഷ്ഠിക്കുവാൻ ആവശ്യപ്പെടുമ്പോൾ അനുഷ്ഠിക്കുകയും ചെയ്യുക;

(ങ) മതപരവും ഭാഷാപരവും പ്രാദേശികവും വിഭാഗീയവുമായ വൈവിധ്യങ്ങൾക്കതീതമായി ഭാരതത്തിലെ എല്ലാ ജനങ്ങൾക്കുമിടയിൽ, സൗഹാർദവും പൊതുവായ സാഹോദര്യമനോഭാവവും പുലർത്തുക. സ്ത്രീകളുടെ അന്തസ്സിന് കുറവു വരുത്തുന്ന ആചാരങ്ങൾ പരിത്യജിക്കുക;

(ച) നമ്മുടെ സംസ്കാരസമന്വയത്തിന്റെ സമ്പന്നമായ പാരമ്പര്യത്തെ വിലമതിക്കുകയും നിലനിറുത്തുകയും ചെയ്യുക;

(ഛ) വനങ്ങളും തടാകങ്ങളും നദികളും വന്യജീവികളും ഉൾപ്പെടുന്ന പ്രകൃത്യാ ഉള്ള പരിസ്ഥിതി സംരക്ഷിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ജീവികളോട് കാരുണ്യം കാണിക്കുകയും ചെയ്യുക;

(ജ) ശാസ്ത്രീയമായ കാഴ്ചപ്പാടും മാനവികതയും, അന്വേഷണത്തിനും പരിഷ്കരണത്തിനും ഉള്ള മനോഭാവവും വികസിപ്പിക്കുക;

(ഝ) പൊതുസ്വത്ത് പരിരക്ഷിക്കുകയും ശപഥം ചെയ്ത് അക്രമം ഉപേക്ഷിക്കുകയും ചെയ്യുക;

(ഞ) രാഷ്ട്രം യത്നത്തിന്റെയും ലക്ഷ്യപ്രാപ്തിയുടെയും ഉന്നതതലങ്ങളിലേക്ക് നിരന്തരം ഉയരത്തക്കവണ്ണം വ്യക്തിപരവും കൂട്ടായതുമായ പ്രവർത്തനത്തിന്റെ എല്ലാ മണ്ഡലങ്ങളിലും ഉൽകൃഷ്ടതയ്ക്കുവേണ്ടി അധ്വാനിക്കുക.

(ട) ആറിനും പതിനാലിനും ഇടയ്ക്ക് പ്രായമുള്ള തന്റെ കുട്ടിക്കോ തന്റെ സംരക്ഷണയിലുള്ള കുട്ടികൾക്കോ, അതതു സംഗതി പോലെ, മാതാപിതാക്കളോ രക്ഷാകർത്താവോ വിദ്യാഭ്യാസത്തിനുള്ള അവസരങ്ങൾ ഏർപ്പെടുത്തുക.

TB | V | 2016 | 300

# സാമൂഹ്യശാസ്ത്രം

## ഭാഗം 2

## സ്റ്റാൻഡേർഡ് V

കേരള സർക്കാർ
വിദ്യാഭ്യാസ വകുപ്പ്

സംസ്ഥാന വിദ്യാഭ്യാസ ഗവേഷണ പരിശീലന സമിതി (SCERT), കേരളം
2016

## ദേശീയഗാനം

ജനഗണമന അധിനായക ജയഹേ
ഭാരത ഭാഗ്യവിധാതാ,
പഞ്ചാബസിന്ധു ഗുജറാത്ത മറാഠാ
ദ്രാവിഡ ഉത്ക്കല ബംഗാ,
വിന്ധ്യഹിമാചല യമുനാഗംഗാ,
ഉച്ഛ്വല ജലധിതരംഗാ,
തവശുഭനാമേ ജാഗേ,
തവശുഭ ആശിഷ മാഗേ,
ഗാഹേ തവ ജയ ഗാഥാ
ജനഗണമംഗലദായക ജയഹേ
ഭാരത ഭാഗ്യവിധാതാ.
ജയഹേ, ജയഹേ, ജയഹേ,
ജയ ജയ ജയ ജയഹേ!

## പ്രതിജ്ഞ

ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യക്കാരും എന്റെ സഹോദരീസഹോദരന്മാരാണ്.

ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു; സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു.

ഞാൻ എന്റെ മാതാപിതാക്കളെയും ഗുരുക്കന്മാരെയും മുതിർന്നവരെയും ബഹുമാനിക്കും.

ഞാൻ എന്റെ രാജ്യത്തിന്റെയും എന്റെ നാട്ടുകാരുടെയും ക്ഷേമത്തിനും ഐശ്വര്യത്തിനുംവേണ്ടി പ്രയത്നിക്കും.

**State Council of Educational Research and Training (SCERT)**
Poojappura, Thiruvananthapuram - 695 012, Kerala

*Website* : www.scertkerala.gov.in
*E-mail* : scertkerala@gmail.com
Phone : 0471-2341883, Fax : 0471-2341869
Typesetting and Layout : SCERT
First Edition : 2014, Reprint : 2016
Printed at : KBPS, Kakkanad, Kochi-30.
© Department of Education, Government of Kerala

പ്രിയപ്പെട്ട കുട്ടികളേ,

വ്യക്തിക്ക് സമൂഹത്തോടും പ്രകൃതിയോടുമുള്ള ബന്ധമാണ് സാമൂഹ്യശാസ്ത്രത്തിന്റെ പഠനമേഖല. നമ്മുടെ സംസ്കാരത്തിന്റെയും നാഗരികതയുടെയും പിറവിക്ക് നിദാനം മനുഷ്യരുടെ സംഘബോധവും അധ്വാനവുമാണ്. സാമൂഹിക ജീവിതത്തിന്റെ ആരോഗ്യകരമായ നിലനില്പിനും ഭദ്രതയ്ക്കും ഒരുമയോടുള്ള പ്രവർത്തനങ്ങൾ കൂടിയേ തീരൂ. മാറുന്ന കാലത്തിന്റെ വെല്ലുവിളികളെ സമർത്ഥമായി നേരിടാനും കരുതലോടെ മുന്നോട്ടുപോകാനും സാമൂഹ്യശാസ്ത്രപഠനം സഹായിക്കും. ഉത്തമ പൗരനായി വളരുന്നതിനും സമൂഹനന്മയ്ക്കായി പ്രവർത്തിക്കുന്നതിനുമുള്ള അറിവും മനോഭാവവും നൈപുണികളും വികസിക്കാൻ ഈ പഠനം ഉപകരിക്കും.

ഈ മേഖലയിൽ കൂടുതൽ അന്വേഷണങ്ങൾ നടത്താനും അവ സാമൂഹിക പുരോഗതിക്ക് ക്രിയാത്മകമായി പ്രയോജനപ്പെടുത്താനും സാധിക്കുമെന്ന് പ്രത്യാശിക്കുന്നു.

സ്നേഹാശംസകളോടെ,

**ഡോ. ജെ. പ്രസാദ്**
ഡയറക്ടർ
എസ്.സി.ഇ.ആർ.ടി.

## പാഠപുസ്തക രചന

### ശില്പശാലയിൽ പങ്കെടുത്തവർ

**അബ്ദുൾ ഹമീദ്. വി.**
എച്ച്.എസ്.എ., എം.യു.എം.വി.എച്ച്.എസ്.,
വടകര, കോഴിക്കോട്

**അബ്ദുൾ സമദ് കെ.സി.**
എച്ച്.എസ്.എസ്.റ്റി.
ഗവ. എച്ച്.എസ്., വടകര, പുതൂർ (പി.ഒ.),
കോഴിക്കോട്

**ഈശ വി.കെ.**
യു.പി.എസ്.എ., എ.എം.എൽ.പി.എസ്.,
വെട്ടിക്കാട്, പെരിന്തൽമണ്ണ, മലപ്പുറം

**ഗോപകുമാർ ജി.പി.**
ലക്ചറർ, ഡയറ്റ്, കൊല്ലം

**ഹരി പ്രദീപ് എസ്.**
എച്ച്. എസ്.എ., എസ്.വി.എച്ച്.എസ്., പുല്ലാട്,
തിരുവല്ല

**ഹരി വി.**
യു.പി.എസ്.എ., യൂണിറ്റി എ.യു.പി.എസ്.,
തേൻകര

**ജയകൃഷ്ണൻ ഒ.കെ.**
കെ.പി.സി.എച്ച്.എസ്.എസ്.,
പട്ടാന്നൂർ പി.ഒ., പട്ടാന്നൂർ, കണ്ണൂർ

**നിശാന്ത് മോഹൻ എം.**
എച്ച്.എസ്.എസ്.റ്റി.
ഗവ. ഗേൾസ് എച്ച്.എസ്.എസ്., കരമന,
തിരുവനന്തപുരം

**നിഷ എം.എസ്.**
യു.പി.എസ്.എ., പി.എച്ച്.എസ്.എസ്.,
മെഴുവേലി, പത്തനംതിട്ട

**രാജൻ കെ.**
ജി.യു.പി.എസ്., തിരുവാഴിയാട്, പാലക്കാട്

**എൻ. സുകുമാരൻ**
ഗവ. വി. & എച്ച്.എസ്.എസ്. ഫോർ ഗേൾസ്,
മണക്കാട്, തിരുവനന്തപുരം

**വർഗീസ് പോത്തൻ**
എച്ച്.എസ്.എസ്.റ്റി , സെന്റ് ജോൺസ്
എച്ച്.എസ്.എസ്. മറ്റം, മാവേലിക്കര

**യൂസഫ് കുമാർ എസ്.എം.**
എച്ച്.എസ്.എസ്.റ്റി.
ജി.എം.ബി.എച്ച്.എസ്.എസ്., ആറ്റിങ്ങൽ

### വിദഗ്ധർ

**ഡോ. അബ്ദുൾ റസാക് പി.പി.**
അസോസിയേറ്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
പി.എസ്.എം.ഒ. കോളേജ്, തിരൂരങ്ങാടി

**ഡോ. എൻ.പി. ഹാഫിസ് മുഹമ്മദ്,**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.),
ഡിപ്പാർട്ട്മെന്റ് ഓഫ് സോഷ്യോളജി,
ഫറൂക്ക് കോളേജ്, കോഴിക്കോട്

**മഹാലിംഗം എസ്.**
അസോസിയേറ്റ് പ്രൊഫസർ (റിട്ട.),
ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി, ഗവ. കോളേജ്,
ചിറ്റൂർ

**പി.എസ്. മനോജ് കുമാർ**
അസിസ്റ്റന്റ് പ്രൊഫസർ, ഡിപ്പാർട്ട്മെന്റ് ഓഫ്
ഹിസ്റ്ററി, കെ.കെ.ടി.എം. കോളേജ്,
കൊടുങ്ങല്ലൂർ, തൃശൂർ

**ഡോ. കെ.എസ്. മാധവൻ**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
കാലിക്കറ്റ് യൂണിവേഴ്സിറ്റി

**ഡോ. റ്റി. നീലകണ്ഠൻ**
അസോസിയേറ്റ് പ്രൊഫസർ
ഡിപ്പാർട്ട്മെന്റ് ഓഫ് ജ്യോഗ്രഫി,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. പ്രിയേഷ് എം.**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഇക്കണോമിക്സ്,
യൂണിവേഴ്സിറ്റി കോളേജ്, തിരുവനന്തപുരം

**ഡോ. വേണുമോഹൻ**
അസിസ്റ്റന്റ് പ്രൊഫസർ,
ഡിപ്പാർട്ട്മെന്റ് ഓഫ് ഹിസ്റ്ററി,
ഗവ. കോളേജ്, നെടുമങ്ങാട്

**ഐ.പി. ജോസഫ്**
അസിസ്റ്റന്റ് പ്രൊഫസർ (റിട്ട.),
എസ്.സി.ഇ.ആർ.ടി. കേരള

### അക്കാദമിക് കോ-ഓർഡിനേറ്റർ

ചിത്രാ മാധവൻ, റിസർച്ച് ഓഫീസർ, എസ്.സി.ഇ.ആർ.ടി.

# ഉള്ളടക്കം




7. ഇരുമ്പൊരുക്കിയ മാറ്റങ്ങൾ - 87



8. അഹിംസ അറിവ് അധികാരം - 97



9. ജനങ്ങൾ ജനങ്ങൾക്കുവേണ്ടി - 108



10. കേരളക്കരയിൽ - 119



11. നമ്മുടെ ഇന്ത്യ - 134

## ഈ പുസ്തകത്തിൽ ചില ചിഹ്നങ്ങൾ സൗകര്യത്തിനായി ഉപയോഗിച്ചിരിക്കുന്നു


അധികവായനയ്ക്ക് - വിലയിരുത്തലിന് വിധേയമാക്കേണ്ടതില്ല


പഠന പുരോഗതി നിർണയിക്കുന്ന ചോദ്യങ്ങൾ


സംഗ്രഹം


പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ



വിലയിരുത്താം


തുടർപ്രവർത്തനങ്ങൾ



# 7

# ഇരുമ്പൊരുക്കിയ മാറ്റങ്ങൾ





ചിത്രം 7.1

തന്നിട്ടുള്ള ഭൂപടത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നദികൾ ഏതെല്ലാം? കണ്ടെത്തുക.

- സിന്ധു
- 
- 
- 
- 
- 
- 

ഇവയിൽ ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് പ്രദേശത്തുള്ളവ ഏതെല്ലാമാണ്? സിന്ധുവും അതിന്റെ പോഷക നദികളുമാണവ. നമ്മൾ മുൻപ് ചർച്ചചെയ്ത ഹരപ്പൻ സംസ്കാരം വളർന്നുവന്നത് ഈ നദീതടങ്ങളിലായിരുന്നു. ഏകദേശം 3500 വർഷങ്ങൾക്കുമുമ്പ് ആര്യന്മാർ എന്നറിയപ്പെടുന്ന ഒരു ജനവിഭാഗം ഈ പ്രദേശത്തേക്ക് കുടിയേറി. വേദങ്ങളിൽ നിന്നാണ് ഇവരെക്കുറിച്ച് വിവരം ലഭിക്കുന്നത്. വേദഭാഷ സംസ്കൃതമായിരുന്നു. വേദങ്ങൾ വാമൊഴിയായാണ് ആദ്യകാലങ്ങളിൽ പ്രചരിച്ചിരുന്നത്. വേദങ്ങളിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യജീവിതം നിലനിന്നിരുന്ന കാലം വേദകാലം എന്നറിയപ്പെടുന്നു. വേദകാലത്തെക്കുറിച്ചുള്ള വിവരങ്ങളടങ്ങിയ ചാർട്ട് ശ്രദ്ധിക്കൂ.




എന്തെല്ലാം വിവരങ്ങളാണ് ഇതിൽ നിന്ന് ലഭിക്കുന്നത്?

- ബി.സി. 1500 മുതൽ ബി.സി. 600 വരെയുള്ള കാലമാണ് വേദകാലം.
- ആദ്യം രചിച്ച വേദം ഋഗ്വേദമാണ്.
- ഋഗ്വേദത്തിൽ പരാമർശിച്ചിരിക്കുന്ന ജീവിതം നിലനിന്നിരുന്നകാലം.
- 
- 
- 

## കാലികൾ സമ്പത്തായപ്പോൾ

ഋഗ്വേദകാലത്തെ ആര്യന്മാരുടെ ജീവിതത്തെക്കുറിച്ച് ചരിത്രകാരനായ എ.എൽ. ബാഷാം പറയുന്നത് ശ്രദ്ധിക്കൂ.

*"കർഷകർ പ്രാർത്ഥിച്ചത് കാലികളെ കിട്ടാനായിരുന്നു. യോദ്ധാക്കൾ യുദ്ധം ചെയ്തത് കന്നുകാലികളെ പിടിച്ചെടുക്കാനായിരുന്നു. പുരോഹിതൻമാർ യാഗങ്ങൾ നടത്തിയത് കന്നുകാലികളെ പ്രതിഫലമായി ലഭിക്കാനായിരുന്നു."*

ഈ കാലഘട്ടത്തിൽ എന്തുകൊണ്ടായിരിക്കും കന്നുകാലികൾക്ക് ഇത്ര പ്രാധാന്യം ലഭിച്ചത്?

ഋഗ്വേദകാലത്തെ സമ്പത്ത് കന്നുകാലികളായിരുന്നു. ജനങ്ങളുടെ പ്രധാന തൊഴിൽ കന്നുകാലിവളർത്തലായിരുന്നു. അതോടൊപ്പം കൃഷിയും ചെയ്തിരുന്നു. ബാർളിയായിരുന്നു പ്രധാന വിള. കാലികളെ മേച്ചുനടന്ന ആര്യന്മാരുടെ കൂട്ടം ഗോത്രം എന്നറിയപ്പെട്ടു. ഇങ്ങനെയുള്ള ഓരോ ഗോത്രത്തിന്റെയും തലവൻ രാജൻ എന്നറിയപ്പെട്ടിരുന്നു. കന്നുകാലികൾക്കുവേണ്ടി ഗോത്രങ്ങൾ തമ്മിൽ സംഘർഷത്തിലേർപ്പെട്ടിരുന്നു. ഗോത്രങ്ങൾ തമ്മിലും ഗോത്രങ്ങളും ആര്യന്മാരല്ലാത്തവരും തമ്മിലും യുദ്ധങ്ങൾ നടന്നിരുന്നു. കുതിരകളും ചെമ്പുകൊണ്ടും വെങ്കലംകൊണ്ടുമുള്ള ആയുധങ്ങളും ആര്യന്മാർക്കുണ്ടായിരുന്നു. അവയുടെ സഹായത്താൽ ആര്യന്മാരല്ലാത്തവരെ അവർ കീഴടക്കി. കീഴടക്കപ്പെട്ടവർ ദാസൻമാരെന്നും ദസ്യുക്കളെന്നും അറിയപ്പെട്ടു. അവരുടെ കന്നുകാലികളെ ആര്യന്മാർ കൈക്കലാക്കി.

ചുവടെ തന്നിട്ടുള്ള സൂചകങ്ങളുടെ അടിസ്ഥാനത്തിൽ ഋഗ്വേദകാലജീവിതത്തെ ഹരപ്പയിലെ ജീവിതവുമായി താരതമ്യം ചെയ്യുക.

- തൊഴിൽ
- ഉപകരണങ്ങൾ

ഋഗ്വേദകാലത്ത് ജനങ്ങൾ ഇന്ദ്രൻ, വരുണൻ, അഗ്നി എന്നീ ദേവന്മാരെയും അതിഥി, ഉഷസ്സ് തുടങ്ങിയ ദേവതമാരെയും ആരാധിച്ചിരുന്നു. ഈ കാലഘട്ടത്തിൽ ഉപയോഗിച്ചിരുന്ന മൺപാത്രങ്ങൾക്ക് ചാരനിറമായിരുന്നു. ചിത്രത്തിൽ കാണുന്നത് അന്ന് ഉപയോഗിച്ചിരുന്ന മൺപാത്രങ്ങളിൽ ഒന്നിന്റെ ശേഷിപ്പാണ്.



ചാരനിറത്തിലുള്ള മൺപാത്രം

## ഗംഗാസമതലത്തിലേക്ക്

സാമവേദം, യജുർവേദം, അഥർവ്വവേദം എന്നിവയിൽ പരാമർശിച്ചിരിക്കുന്ന മനുഷ്യജീവിതം നിലനിന്നിരുന്ന കാലം പിൽക്കാലവേദകാലം എന്നറിയപ്പെടുന്നു. ഋഗ്വേദകാലഘട്ടത്തിൽ കന്നുകാലികളെ മേച്ചു നടന്ന ആര്യന്മാർ പിൽക്കാലവേദകാലഘട്ടമായപ്പോഴേക്കും ഗംഗാസമതലത്തിൽ എത്തിച്ചേർന്നു. ഗംഗാനദിയുടെ ചുറ്റുമുള്ള പ്രദേശമാണ് ഗംഗാസമതലം. ഗോത്രങ്ങൾ തമ്മിലുള്ള കലഹങ്ങളും പുതിയ ഗോത്രങ്ങളുടെ ഉത്ഭവവും ജനസംഖ്യാവർദ്ധനവും ഗംഗാസമതലത്തിൽ ആര്യന്മാർ എത്തിച്ചേരുന്നതിന് കാരണമായി.

ഭൂപടം (ചിത്രം 7.1) നിരീക്ഷിച്ച് ഗംഗാസമതലം ഇന്ത്യയുടെ ഏതു ഭാഗത്ത് സ്ഥിതി ചെയ്യുന്നു എന്ന് കണ്ടെത്തുക. ഇന്ന് ഏതൊക്കെ സംസ്ഥാനങ്ങളിലാണ് ഗംഗാസമതലം വ്യാപിച്ചിട്ടുള്ളത്?

ഗംഗാസമതലത്തിന്റെ പ്രത്യേകതകൾ പരിശോധിക്കാം.

- വൻമരങ്ങൾ നിറഞ്ഞ കാടുകൾ
- ഫലഭൂയിഷ്ഠമായ എക്കൽമണ്ണ്
- സമൃദ്ധമായ മഴ

ഗംഗാസമതലത്തിലേക്കു വരുമ്പോൾ ആര്യന്മാരുടെ കൈവശമുള്ള ആയുധങ്ങൾ ഏത് ലോഹങ്ങൾ കൊണ്ട് നിർമ്മിച്ചവയായിരുന്നു?

ചെമ്പുകൊണ്ടും വെങ്കലംകൊണ്ടും നിർമ്മിച്ച ആയുധങ്ങൾ ഉപയോഗിച്ച് ഗംഗാസമതലത്തിൽ മണ്ണിൽ കിളയ്ക്കാനും മരങ്ങൾ മുറിക്കാനും പ്രയാസമായിരുന്നു. അതിനാൽ അവർ കാടിന് തീയിട്ടാണ് മുന്നേറിയത്. പക്ഷെ മരങ്ങളുടെ കുറ്റികൾ അവർക്ക് വീണ്ടും തടസ്സങ്ങൾ ഉണ്ടാക്കി. മണ്ണിൽ കിളയ്ക്കാനും മരങ്ങൾ മുറിക്കാനും കാഠിന്യമേറിയ ലോഹംകൊണ്ട് നിർമ്മിച്ച പണിയായുധങ്ങൾ ആവശ്യമായിരുന്നു. ഇത് ഇരുമ്പിന്റെ കണ്ടെത്തലിലേക്ക് നയിച്ചു.



ഇന്ന് നമ്മൾ കൃഷിക്കും മരങ്ങൾ മുറിക്കുന്നതിനും ഉപയോഗിക്കുന്ന ഉപകരണങ്ങളും ആയുധങ്ങളും ഏത് ലോഹം കൊണ്ട് നിർമ്മിച്ചവയാണ്?

ചെമ്പ്, വെങ്കലം എന്നിവയിൽ നിന്ന് ഇരുമ്പിനുള്ള വ്യത്യാസം എന്താണ്?

ഗംഗാസമതലം വൻതോതിൽ ഇരുമ്പിന്റെ നിക്ഷേപമുള്ള പ്രദേശമായിരുന്നു. ഇരുമ്പ് കണ്ടെത്തിയതോടുകൂടി ഉറപ്പുള്ള ഉപകരണങ്ങളും ആയുധങ്ങളും ഉണ്ടാക്കി. കാടുകൾ വെട്ടിത്തെളിച്ചു. കലപ്പകൾ ഉപയോഗിച്ച് നിലം ഉഴുതു. കൃഷി മുഖ്യതൊഴിലായി മാറി. ഇരുമ്പ് ഉപയോഗിച്ച ഈ കാലഘട്ടം ഇരുമ്പുയുഗം എന്നറിയപ്പെടുന്നു.


ഗംഗാസമതലത്തിലെ സാഹചര്യങ്ങൾ കൃഷിക്ക് എത്രമാത്രം അനുകൂലമായിരുന്നു? നിങ്ങളുടെ അഭിപ്രായം എഴുതുക.

കന്നുകാലിവളർത്തലിൽ നിന്ന് കൃഷിയിലേക്കുള്ള മാറ്റത്തിന്റെ ഫലങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് നോക്കാം.

- സ്ഥിരവാസം ആരംഭിച്ചു
- കാർഷികോല്പാദനം വർദ്ധിച്ചു
- മിച്ചംവന്ന ഉൽപ്പന്നങ്ങൾ കൈമാറ്റം ചെയ്തു

ഗംഗാസമതലത്തിലെ മനുഷ്യജീവിതത്തിൽ ഇരുമ്പിന്റെ കണ്ടുപിടിത്തവും ഉപയോഗവും ഉണ്ടാക്കിയ മാറ്റങ്ങൾ ചർച്ച ചെയ്ത് കുറിപ്പാക്കുക.

പിൽക്കാലവേദകാലത്ത് ജനങ്ങൾ ഉപയോഗിച്ച മൺപാത്രങ്ങൾ 'ചായം തേച്ച ചാരനിറ പാത്രങ്ങൾ' (Painted Grey Ware) എന്നാണ് അറിയപ്പെടുന്നത്. അവയിൽ ചിലതിന്റെ ശേഷിപ്പുകളാണ് ചിത്രത്തിൽ കാണുന്നത്.



ചായം തേച്ച
ചാരനിറപ്പാത്രങ്ങളുടെ ഭാഗങ്ങൾ

ജനങ്ങൾ സ്ഥിരവാസം ആരംഭിച്ചതോടെ അവരുടെ ജീവിതക്രമത്തിൽ ചില മാറ്റങ്ങളുണ്ടായി. സമൂഹത്തിൽ നിലനിന്ന തൊഴിലിന്റെ അടിസ്ഥാനത്തിൽ ജനങ്ങൾ നാല് വിഭാഗങ്ങളായി വിഭജിക്കപ്പെട്ടു. ബ്രാഹ്മണർ, ക്ഷത്രിയർ, വൈശ്യർ, ശൂദ്രർ എന്നിങ്ങനെയുള്ള ഈ വിഭജനം 'ചാതുർവർണ്ണ്യം' എന്നറിയപ്പെട്ടു.

ഋഗ്വേദകാലത്ത് ഏതൊക്കെ ദേവന്മാരെയും ദേവതമാരെയുമാണ് ജനങ്ങൾ ആരാധിച്ചിരുന്നത്? പിൽക്കാല വേദകാലത്ത് ഈ ആരാധനാരീതിയുടെ പ്രാധാന്യം കുറഞ്ഞു. പകരം, യാഗങ്ങൾക്ക് പ്രാധാന്യമുള്ള ആരാധനാരീതി വ്യാപകമായി. കാലികളെ ബലിയർപ്പിക്കുന്നവയായിരുന്നു മിക്ക യാഗങ്ങളും.

ഋഗ്വേദകാലത്തെയും പിൽക്കാലവേദകാലത്തെയും ചില പ്രത്യേകതകൾ ചുവടെ കോളങ്ങളിൽ കൊടുത്തിട്ടുണ്ട്. അവ ഏതു കാലവുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് അവയ്ക്ക് നേരെയുള്ള കോളങ്ങളിൽ രേഖപ്പെടുത്തുക.

| പ്രത്യേകതകൾ | ഋഗ്വേദകാലം/ പിൽക്കാലവേദകാലം |
|---|---|
| കൃഷി മുഖ്യതൊഴിലായി സ്വീകരിച്ചു | |
| യാഗങ്ങൾ വ്യാപകമായി | |
| ഇരുമ്പുപകരണങ്ങൾ ഉപയോഗിച്ചു | |
| കാലിവളർത്തലായിരുന്നു മുഖ്യതൊഴിൽ | |
| സ്ഥിരവാസമുറപ്പിച്ചു | |
| ഇന്ദ്രൻ, വരുണൻ തുടങ്ങിയ ദേവന്മാരെ ആരാധിച്ചു | |
| ചായം തേച്ച ചാരനിറപ്പാത്രങ്ങൾ ഉപയോഗിച്ചു | |

## കല്ലുകൾ കഥ പറയുന്നു

ഇരുമ്പുയുഗകാലഘട്ടത്തിൽ കേരളം ഉൾപ്പെട്ടിരുന്ന തമിഴകത്ത് ജനജീവിതം എങ്ങനെയായിരുന്നുവെന്ന് ചർച്ച ചെയ്യാം. പ്രാചീനകാലത്തെ ദക്ഷിണേന്ത്യൻ പ്രദേശങ്ങളാണ് തമിഴകം എന്നറിയപ്പെട്ടിരുന്നത്.

ചുവടെ തന്നിട്ടുള്ള ചിത്രങ്ങൾ നോക്കൂ




നാട്ടുകല്ല്



കുടക്കല്ല്

പ്രാചീന തമിഴകത്ത് മൃതശരീരങ്ങൾ അടക്കം ചെയ്തതിന് മുകളിൽ നാട്ടിയിരുന്ന വലിയ കല്ലുകളാണ് ചിത്രത്തിലുള്ളത്. വിവിധ രൂപങ്ങളിലാണിവ കാണപ്പെടുന്നത്. ഇവയെ 'മഹാശിലകൾ' എന്ന് വിളിക്കുന്നു. മൃതശരീരങ്ങൾ അടക്കം ചെയ്ത കുഴിമാടങ്ങളിൽ നിന്നും അന്നത്തെ ജനങ്ങൾ ഉപയോഗിച്ചിരുന്ന ഇരുമ്പായുധങ്ങൾ, വിവിധ ഉപകരണങ്ങൾ, മൺപാത്രങ്ങൾ, ധാന്യാവശിഷ്ടങ്ങൾ തുടങ്ങി ധാരാളം വസ്തുക്കൾ കണ്ടെത്തിയിട്ടുണ്ട്. ഈ മഹാശിലകൾ അക്കാലത്തെക്കുറിച്ചുള്ള വിവരങ്ങൾ തരുന്ന തെളിവുകളാണ്. ഈ കാലം മഹാശിലാസംസ്കാരകാലം എന്നറിയപ്പെടുന്നു.

താഴെ നൽകിയിരിക്കുന്ന ചിത്രം നോക്കൂ. മഹാശിലാസംസ്കാര കാലഘട്ടത്തിലെ മനുഷ്യർ ഉപയോഗിച്ചിരുന്ന ആയുധങ്ങളും ഉപകരണങ്ങളുമാണ് അതിലുള്ളത്. അവയെല്ലാം ഇരുമ്പുകൊണ്ട് ഉണ്ടാക്കിയവ ആയിരുന്നു.



മഹാശിലാസംസ്കാര കാലഘട്ടത്തിലെ ഇരുമ്പുപകരണങ്ങൾ

**ആദ്യകാല തമിഴകത്തിലെ ഇരുമ്പുയുഗം മഹാശിലാസംസ്കാര കാലഘട്ടം എന്നറിയപ്പെട്ടത് എന്തുകൊണ്ട്? ഇത് ശിലായുഗത്തിൽ നിന്ന് എങ്ങനെ വ്യത്യാസപ്പെട്ടിരിക്കുന്നു?**

പ്രാചീന തമിഴകത്തെ ജനജീവിതത്തെക്കുറിച്ച് മഹാശിലാസ്മാരകങ്ങളിൽ നിന്നും പഴന്തമിഴ്പാട്ടുകളുടെ സമാഹാരങ്ങളിൽനിന്നും വിവരം ലഭിക്കുന്നു. പഴന്തമിഴ്പാട്ടുകൾ സംഘംകൃതികൾ എന്നും അറിയപ്പെടുന്നു. എന്തുകൊണ്ടായിരിക്കാം ഇവയെ സംഘം കൃതികൾ എന്നു വിളിക്കുന്നത്? മധുര കേന്ദ്രമാക്കി ഭരണം നടത്തിയിരുന്ന പാണ്ഡ്യന്മാരുടെ പ്രോത്സാഹനത്തിൽ സാഹിത്യകാരൻമാരുടെ കൂട്ടായ്മ പ്രാചീന തമിഴകത്ത് നിലനിന്നിരുന്നു. ഇത് 'സംഘം' എന്ന പേരിലറിയപ്പെട്ടു. പത്തുപ്പാട്ട്, പതിറ്റുപ്പത്ത്, അകനാനൂറ്, പുറനാനൂറ് എന്നിവ സംഘംകൃതികളിൽ പ്രധാനപ്പെട്ടവയാണ്.

പ്രാചീന തമിഴകം ഭരിച്ചിരുന്നത് പാണ്ഡ്യന്മാർ, ചേരൻമാർ, ചോളന്മാർ എന്നീ രാജവംശങ്ങളായിരുന്നു. ഇവർ മൂവേന്തന്മാർ എന്നറിയപ്പെട്ടു.

താഴെ നൽകിയിട്ടുള്ള ഭൂപടത്തിൽ ചേരന്മാർ, ചോളന്മാർ, പാണ്ഡ്യന്മാർ എന്നിവർ ഭരണം നടത്തിയ പ്രദേശങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളം ഉൾപ്പെടുന്ന പ്രദേശത്ത് ഭരണം നടത്തിയിരുന്ന രാജവംശം ഏതാണെന്ന് കണ്ടെത്താമോ?




സംഘകാലദക്ഷിണേന്ത്യ

## പഴന്തമിഴ്പാട്ടിലൂടെ

സംഘം കൃതികൾ നൽകുന്ന വിവരങ്ങളനുസരിച്ച് പ്രാചീന തമിഴകം അഞ്ച് ഭൂവിഭാഗങ്ങളായി അറിയപ്പെട്ടിരുന്നു. ഇവ തിണകൾ എന്ന് വിളിക്കപ്പെട്ടു. തിണകൾക്ക് അതിന്റേതായ ഭൂമിശാസ്ത്രപരമായ സവിശേഷതകൾ ഉണ്ടായിരുന്നു. അവ ഏതൊക്കെയാണെന്ന് നോക്കാം.

| തിണകൾ | ഭൂമിശാസ്ത്ര സവിശേഷതകൾ |
|---|---|
| കുറിഞ്ചി | മലകൾ/മലയോരങ്ങൾ |
| മുല്ല | കാട്/പുൽമേട് |
| പാല | വരണ്ട പ്രദേശം |
| മരുതം | വയൽ |
| നെയ്തൽ | തീരപ്രദേശം |

കേരളത്തിലെ മുല്ലശ്ശേരി, മരുതൂർ, പാലക്കാട് തുടങ്ങിയ സ്ഥലപ്പേരുകൾ കേട്ടിട്ടുണ്ടോ? ഈ പേരുകൾ തിണകളുമായി ബന്ധപ്പെട്ട് രൂപപ്പെട്ടതാണ്. തിണകളുടെ പട്ടിക നോക്കി ഈ പേരുകൾ ഏത് തിണകളുമായി ബന്ധപ്പെട്ടിരിക്കുന്നു എന്ന് കണ്ടെത്താമല്ലോ.

തിണകളുമായി ബന്ധപ്പെട്ട സ്ഥലപ്പേരുകൾ അന്വേഷിച്ച് കണ്ടെത്തി പട്ടിക തയ്യാറാക്കുക.

കുറിഞ്ചി പ്രദേശങ്ങളിൽ അന്ന് കുരുമുളക് ധാരാളമായി കൃഷി ചെയ്തിരുന്നു. കുരുമുളക് തേടി വിദേശികൾ തെക്കേ ഇന്ത്യയിലെ കടൽക്കരയിലുള്ള പട്ടണങ്ങളിൽ എത്തിയിരുന്നു. ഈ കാലഘട്ടത്തിന്റെ സവിശേഷതകൾ അന്നത്തെ പ്രധാന കൃതികളിൽ പരാമർശിച്ചിരുന്നു.

ചുവടെ തന്നിട്ടുള്ള പാട്ട് ശ്രദ്ധിക്കൂ. സംഘകാല കൃതിയായ പുറനാനൂറിൽ നിന്ന് എടുത്തിട്ടുള്ള വരികളാണിവ:

*മീൻ വിറ്റ് പകരം നേടിയ നെൽക്കൂമ്പാരം കൊണ്ട്*
*വീടും ഉയർന്ന തോണികളും*
*തിരിച്ചറിയാൻ പാടില്ലാതായി.*
*അപ്രകാരം കൂട്ടിയിട്ടിരിക്കുന്ന മുളകുചാക്കുകൾ*
*ശബ്ദായമാനമായ കരയിൽനിന്നും*
*വേർതിരിച്ചറിയാൻ കഴിയാതെ*
*വിഷമിക്കും കാണുന്ന ആളുകൾ*
*കപ്പലുകൾ കൊണ്ടുവന്ന സ്വർണ്ണം*

*തോണികൾവഴി കരയിലെത്തുന്നു.*
*മലയിൽനിന്ന് കിട്ടുന്ന വിഭവങ്ങളും*
*കരയിൽനിന്ന് കിട്ടുന്ന വിഭവങ്ങളും*
*ചേർത്ത് അർത്ഥികൾക്ക് കൊടുക്കുന്നു.*

ഈ പാട്ടിൽ നിന്ന് എന്തെല്ലാം വിവരങ്ങളാണ് ലഭിക്കുന്നത്?

- തിണകളിലെ ഉൽപ്പന്നങ്ങൾ കൈമാറ്റം ചെയ്തിരുന്നു.
- കുരുമുളകുവ്യാപാരം വൻതോതിൽ ഉണ്ടായിരുന്നു
- പ്രതിഫലമായി ധാരാളം സ്വർണ്ണം ലഭിച്ചിരുന്നു
- കടൽവഴി വരുന്നവരുമായി വ്യാപാരബന്ധങ്ങൾ ഉണ്ടായിരുന്നു
- കുരുമുളകിനു പുറമെ മറ്റു സാധനങ്ങൾ തേടിയും ആവശ്യക്കാർ എത്തിയിരുന്നു

കൂടുതൽ വിവരങ്ങൾ കണ്ടെത്തി ചേർക്കുമല്ലോ.



വെങ്കലയുഗകാലഘട്ടത്തിൽനിന്ന് ഇരുമ്പുയുഗകാലത്തിലേക്കെത്തുമ്പോൾ മനുഷ്യജീവിതത്തിലുണ്ടായ മാറ്റങ്ങൾ എന്തെല്ലാം? ചർച്ച ചെയ്യുക.



## സംഗ്രഹം

- ബി.സി. 1500 മുതൽ 600 വരെയുള്ള കാലഘട്ടം വേദകാലം എന്നറിയപ്പെടുന്നു.
- വേദകാലത്തെ ഋഗ്വേദകാലം, പിൽക്കാലവേദകാലം എന്നിങ്ങനെ തിരിക്കുന്നു.
- ഈ കാലഘട്ടങ്ങളിലെ ജനങ്ങളുടെ ജീവിതരീതികൾ തമ്മിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടായിരുന്നു.
- പിൽക്കാലവേദകാലഘട്ടത്തിലാണ് ഇന്ത്യയിൽ ഇരുമ്പിന്റെ ഉപയോഗം വ്യാപകമായത്. അതുകൊണ്ട് ഈ കാലം ഇന്ത്യയിലെ ഇരുമ്പുയുഗം എന്നറിയപ്പെടുന്നു.
- പ്രാചീന തമിഴകത്തെ ഇരുമ്പുയുഗം മഹാശിലാസംസ്കാരകാലം എന്നറിയപ്പെടുന്നു.
- വ്യത്യസ്ത ഭൂമിശാസ്ത്രസവിശേഷതകൾ നിലനിന്ന തിണകൾ പ്രാചീന തമിഴകത്തിന്റെ പ്രധാന സവിശേഷതയായിരുന്നു.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- വേദകാലഘട്ടം വിശദീകരിക്കുന്നു.
- ഋഗ്വേദകാലഘട്ടത്തിലെ ജനജീവിതത്തെ തിരിച്ചറിഞ്ഞ് അതിനെ ഹരപ്പയിലെ ജീവിതവുമായി താരതമ്യം ചെയ്യുന്നു.
- പിൽക്കാലവേദകാലഘട്ടത്തിലെ ജനജീവിതത്തെ തിരിച്ചറിഞ്ഞ് അതിനെ ഋഗ്വേദകാലജീവിതവുമായി താരതമ്യം ചെയ്യുന്നു.
- മഹാശിലാസംസ്കാരകാലത്തിന്റെ സവിശേഷതകൾ വിശദമാക്കുന്നു.
- തിണകളുടെ പ്രത്യേകതകൾ പട്ടികപ്പെടുത്തുന്നു.

## വിലയിരുത്താം

- ഋഗ്വേദകാലത്തേയും പിൽക്കാല വേദകാലത്തേയും ജനജീവിതം താരതമ്യം ചെയ്യുക.
- സംഘകാലകൃതികളുടെ പട്ടിക തയ്യാറാക്കുക.
- ചുവടെ തന്നിട്ടുള്ള പട്ടികയിൽ 'എ' വിഭാഗത്തിനനുയോജ്യമായി 'ബി' വിഭാഗം ക്രമപ്പെടുത്തുക.

| എ | ബി |
|---|---|
| കുറിഞ്ചി | വരണ്ടപ്രദേശം |
| മുല്ല | വയൽ |
| നെയ്തൽ | മലകൾ |
| പാല | പുൽമേട് |
| മരുതം | തീരപ്രദേശം |

- ഇരുമ്പ് കണ്ടെത്തി ഉപകരണങ്ങളുണ്ടാക്കി ഉപയോഗിച്ചത് മനുഷ്യചരിത്രത്തിലെ സുപ്രധാന കാലമായിരുന്നു. സമർത്ഥിക്കുക.

## തുടർപ്രവർത്തനം

- മഹാശിലാസ്മാരകങ്ങളുടെ ചിത്രങ്ങൾ ശേഖരിച്ച് കുറിപ്പുകൾ ഉൾക്കൊള്ളുന്ന ഒരു ആൽബം തയ്യാറാക്കുക.



4

# അഹിംസ അറിവ് അധികാരം

കാടും പടലും വെണ്ണീറാക്കി
കനകക്കതിരിന് വളമേകി
കഠിനമിരുമ്പുകുഴമ്പാക്കിപ്പല
കരുവിലവാർത്തു പണിക്കോപ്പാക്കി
അറിവിൻ തിരികൾ കൊളുത്തിക്കാലക-
ക്കാവേശത്തിൻ ചൂടേകി
മാലോടിഴയും മർത്ത്യാത്മാവിന്
മേലോട്ടുയരാൻ ചിറകുതകി — *വൈലോപ്പിള്ളി*

മുകളിൽ കൊടുത്ത കവിതാഭാഗം ശ്രദ്ധിക്കൂ.

ഇന്ത്യയിൽ മനുഷ്യജീവിതം പുരോഗമിച്ചത് എപ്രകാരമായിരുന്നുവെന്ന് ഈ കവിതാഭാഗത്തെ ആസ്പദമാക്കി കണ്ടെത്തൂ.

ഗംഗാസമതലത്തിലേക്കുള്ള ആര്യന്മാരുടെ മുന്നേറ്റം നമ്മൾ ചർച്ച ചെയ്തല്ലോ. ആര്യന്മാരുടെ വ്യാപനത്തെത്തുടർന്ന് ബി.സി. ആറാം നൂറ്റാണ്ടോടുകൂടി ഗംഗാസമതലത്തിൽ കാർഷികമേഖലകൾ രൂപംകൊണ്ടു. കൈമാറ്റകേന്ദ്രങ്ങളും പട്ടണങ്ങളുമടങ്ങിയ അവ ജനപദങ്ങൾ എന്നറിയപ്പെട്ടു. ഇത്തരം ജനപദങ്ങൾ ഗോദാവരി തടംവരെ വ്യാപിച്ചിരുന്നു. അവയിൽ പതിനാറെണ്ണം ശക്തിയാർജ്ജിച്ചു. അവയെ മഹാജനപദങ്ങൾ എന്നു വിളിച്ചു. അതിൽ പ്രധാനപ്പെട്ടതായിരുന്നു മഗധ.




തന്നിട്ടുള്ള ഭൂപടം നിരീക്ഷിച്ച് മഗധയുടെ സ്ഥാനം കണ്ടെത്തുക.



**മഹാജനപദങ്ങൾ**

*മഗധ, അംഗം, വജ്ജി, മല്ല, കാശി, വത്സം, കോസലം, ചേദി, പാഞ്ചാലം, അശ്മകം, അവന്തി, ശൂരസേന, കുരു, മാത്സ്യം, ഗാന്ധാരം, കംബോജം എന്നിവയായിരുന്നു പതിനാറ് മഹാജനപദങ്ങൾ*

വൻതോതിൽ ഇരുമ്പയിര് നിക്ഷേപമുള്ള പ്രദേശമായിരുന്നു മഗധ. മഗധയുടെ വളർച്ചയിൽ പ്രധാന പങ്കുവഹിച്ചത് ഇരുമ്പായുധങ്ങളുടെയും ഉപകരണങ്ങളുടെയും ഉപയോഗമായിരുന്നു. ഗംഗാതടത്തിലെ ഇടതൂർന്ന കാടുകൾ വെട്ടിത്തെളിക്കാൻ ഇരുമ്പുകൊണ്ടുള്ള മഴു സഹായകമായി. ഇരുമ്പുകലപ്പ ഉപയോഗിച്ച് നിലം ഉഴുതുമറിക്കാൻ കഴിഞ്ഞു. ഇതിന്റെ ഫലമായി കാർഷികോൽപ്പാദനം വർദ്ധിച്ചു. തുടർന്ന് വാണിജ്യ രംഗത്തുണ്ടായ പുരോഗതി നഗരങ്ങളുടെ വളർച്ചയ്ക്ക് ഇടയാക്കി. കാർഷികരംഗത്തും വാണിജ്യരംഗത്തുമുണ്ടായ മുന്നേറ്റത്തിലൂടെ മഗധ സാമ്പത്തികമായി അഭിവൃദ്ധിപ്രാപിച്ചു. വലിയൊരു സൈന്യത്തെ രൂപീകരിക്കാനും ചുറ്റുമുള്ള പ്രദേശങ്ങൾ കീഴടക്കാനും മഗധയിലെ സമ്പദ്സമൃദ്ധി രാജാക്കന്മാരെ സഹായിച്ചു. വ്യത്യസ്തകാലങ്ങളിൽ മഗധ ഭരിച്ച ഭരണാധികാരികൾ മറ്റ് മഹാജനപദങ്ങളെ മഗധയോട് കൂട്ടിച്ചേർത്തു. ഇങ്ങനെ മഗധ വിശാലമായ ഒരു രാജ്യമായി മാറി.

ഒരു പ്രബലശക്തിയായി മാറുന്നതിൽ മഗധയെ സഹായിച്ച ഘടകങ്ങൾ ഏതെല്ലാം?

- ഇരുമ്പിന്റെ ലഭ്യത
- 
- 
- 

## അഹിംസ




മഗധയിലെ ഭരണാധികാരിയായിരുന്ന ബിംബിസാരന്റെ വിളംബരമാണിത്. എന്തായിരിക്കാം ഇത്തരമൊരു വിളംബരത്തിന് അദ്ദേഹത്തെ പ്രേരിപ്പിച്ചതെന്ന് നോക്കാം.

ഒരു രാജ്യം എന്ന നിലയിലുള്ള മഗധയുടെ വളർച്ചയിൽ കാർഷികപുരോഗതി വഹിച്ച പങ്ക് നാം മനസ്സിലാക്കിയല്ലോ. കന്നുകാലികളായിരുന്നു കാർഷികമേഖലയുടെ അടിത്തറ. നിലം ഉഴുന്നതിനും വളത്തിനും കാലികൾ ആവശ്യമായിരുന്നു. എന്നാൽ യാഗങ്ങളുടെ ഭാഗമായി വൻതോതിൽ കന്നുകാലികളെ കൊന്നൊടുക്കിയത് കൃഷിയെ പ്രതികൂലമായി ബാധിച്ചു. ഈ പശ്ചാത്തലത്തിലാണ് ബിംബിസാരൻ ഇത്തരമൊരു വിളംബരം പുറപ്പെടുവിച്ചത്.

ഇതേ കാലഘട്ടത്തിൽ സമൂഹത്തിൽ നിലനിന്ന അസമത്വങ്ങൾക്കെതിരായി ജൈനമതവും ബുദ്ധമതവും ആവിർഭവിച്ചു. വർധമാനമഹാവീരൻ പ്രചരിപ്പിച്ച ജൈനമതവും ഗൗതമ ബുദ്ധൻ സ്ഥാപിച്ച ബുദ്ധമതവും അഹിംസയ്ക്ക് പ്രാധാന്യം നൽകി. വ്യാപകമായ മൃഗബലിയാണ് അഹിംസ പ്രചരിപ്പിക്കാൻ മഹാവീരനെയും ബുദ്ധനെയും പ്രേരിപ്പിച്ചത്.


മഹാവീരന്റെ പ്രതിമ


ബുദ്ധന്റെ പ്രതിമ

സാധാരണക്കാരന്റെ ഭാഷയിലായിരുന്നു അവർ ആശയങ്ങൾ പ്രചരിപ്പിച്ചത്. മഹാവീരൻ ഉപയോഗിച്ച ഭാഷ പ്രാകൃത് ആയിരുന്നു. ബുദ്ധൻ പാലിഭാഷ ഉപയോഗിച്ചു. രാജകുടുംബത്തിൽ വളർന്ന ബുദ്ധനും മഹാവീരനും എല്ലാ സുഖസൗകര്യങ്ങളും ലഭിച്ചിരുന്നു. എന്നാൽ സാധാരണ ജനങ്ങളുടെ കഷ്ടതകൾ അവരെ അസന്തുഷ്ടരും അസ്വസ്ഥരുമാക്കി. ജനങ്ങളുടെ ദുരിതങ്ങൾക്കുള്ള ആശ്വാസമാർഗ്ഗങ്ങളാണ് അവർ അന്വേഷിച്ചത്.

| ജൈനമത തത്ത്വങ്ങൾ | ബുദ്ധമത തത്ത്വങ്ങൾ |
|---|---|
| • ശരിയായ ജ്ഞാനം<br>• ശരിയായ വിശ്വാസം<br>• ശരിയായ പ്രവൃത്തി | • ഇഹലോകജീവിതം ദുഃഖപൂർണ്ണമാണ്<br>• ആഗ്രഹങ്ങളാണ് ദുഃഖത്തിന് കാരണം<br>• ആഗ്രഹങ്ങളെ ഇല്ലാതാക്കിയാൽ ദുഃഖങ്ങളെ ഇല്ലാതാക്കാം<br>• അഷ്ടാംഗമാർഗ്ഗം അനുഷ്ഠിക്കുകവഴി ആഗ്രഹങ്ങളെ ഇല്ലാതാക്കാം. |

എന്തുകൊണ്ടാണ് ജൈന-ബുദ്ധമതങ്ങൾ അഹിംസയ്ക്ക് പ്രാധാന്യം നൽകിയത്?

## അധികാരം വളരുന്നു


ദേശീയമുദ്ര

ഈ ചിത്രം നിങ്ങൾക്ക് പരിചയമുള്ളതാണല്ലോ. ഇത് എവിടെയൊക്കെയാണ് നിങ്ങൾ കണ്ടിട്ടുള്ളത്?

ഇത് നമ്മുടെ ദേശീയ മുദ്രയാണ്. അശോക ചക്രവർത്തി സാരനാഥിൽ സ്ഥാപിച്ച സ്തംഭത്തിൽ നിന്നാണ് ഈ മുദ്ര എടുത്തിട്ടുള്ളത്. അതിലുള്ള അശോക ചക്രമാണ് നമ്മുടെ ദേശീയപതാകയുടെ മധ്യത്തിൽ കാണുന്നത്.

മഗധ കേന്ദ്രമാക്കി വളർന്നുവന്ന മൗര്യരാജവംശത്തിലെ പ്രധാന രാജാവായിരുന്നു അശോകൻ. ചന്ദ്രഗുപ്തമൗര്യനാണ് മൗര്യരാജവംശം സ്ഥാപിച്ചത്.



### അർത്ഥശാസ്ത്രം


ചാണക്യൻ


*മൗര്യസാമ്രാജ്യസ്ഥാപകനായിരുന്ന ചന്ദ്രഗുപ്ത മൗര്യന്റെ ഭരണ ഉപദേഷ്ടാവായിരുന്നു ചാണക്യൻ. ഇദ്ദേഹം കൗടില്യൻ എന്ന പേരിലും അറിയപ്പെട്ടിരുന്നു. ചാണക്യന്റെ പ്രസിദ്ധമായ ഗ്രന്ഥമാണ് അർത്ഥശാസ്ത്രം. ശക്തവും കാര്യക്ഷമവുമായ ഒരു ഭരണത്തിന്റെ സംഘാടനം എങ്ങനെയായിരിക്കണം എന്നുള്ളതാണ് ഈ ഗ്രന്ഥത്തിന്റെ പ്രമേയം.*

## രാജാവിന്റെ ധർമ്മം

രാജ്യത്തിലെ വിവിധ വിഭാഗം ജനങ്ങൾ തമ്മിൽ ഐക്യം ഉണ്ടായാലേ രാജ്യത്ത് സമാധാനം ഉണ്ടാകൂ. അതിനായി അശോകൻ സ്വീകരിച്ച നയമാണ് 'ധമ്മം' (ധർമ്മം). ജനങ്ങളിൽ ഐക്യവും സഹിഷ്ണുതയും വളർത്തി രാജ്യത്ത് സമാധാനം നിലനിർത്തുക എന്നതായിരുന്നു ഇതിന്റെ ലക്ഷ്യം. അവയിൽ ചില ആശയങ്ങൾ ചുവടെ ചേർക്കുന്നു:

- മാതാപിതാക്കളെ അനുസരിക്കുക
- ഗുരുക്കന്മാരെ ആദരിക്കുക
- മൃഗബലി ഒഴിവാക്കുക
- എല്ലാ മതവിശ്വാസങ്ങളോടും സഹിഷ്ണുത കാണിക്കുക
- സഹജീവികളോട് കരുണ കാണിക്കുക

അശോക ചക്രവർത്തിയുടെ ധർമ്മം എന്ന നയത്തിന്റെ ആനുകാലിക പ്രസക്തി ചർച്ച ചെയ്യൂ.



അശോകന്റെ ശിലാലിഖിതം

അശോക ചക്രവർത്തി ധർമ്മവും തീരുമാനങ്ങളും നിർദേശങ്ങളും പാറകളിൽ കൊത്തിവച്ചാണ് ജനങ്ങളെ അറിയിച്ചിരുന്നത്. ഇത്തരം ശിലാലിഖിതങ്ങൾ പ്രധാന പാതയോരങ്ങളിലും നഗരകേന്ദ്രങ്ങളിലുമാണ് സ്ഥാപിച്ചിരുന്നത്.

ബുദ്ധമതമായിരുന്നു ധർമ്മം പ്രചരിപ്പിക്കാൻ അശോകന് പ്രേരണയായത്. രാജ്യത്തിന്റെ വിസ്തൃതി വർദ്ധിപ്പിക്കാനായി അശോകൻ നിരവധി യുദ്ധങ്ങൾ നടത്തി. അതിൽ പ്രധാനപ്പെട്ടതായിരുന്നു കലിംഗരാജ്യവുമായുള്ള യുദ്ധം. ഇതിൽ കലിംഗ പരാജയപ്പെട്ടു. അനേകം പേരുടെ മരണത്തിനും ദുരിതങ്ങൾക്കും ഇടയാക്കിയ ഈ യുദ്ധത്തിന് ശേഷമാണ് അശോകൻ ബുദ്ധമതം സ്വീകരിച്ചത്. ബുദ്ധമതം ലോകത്തിന്റെ പല ഭാഗങ്ങളിലും പ്രചരിപ്പിക്കുന്നതിൽ അദ്ദേഹം പ്രധാന പങ്ക് വഹിച്ചു.

## ഇനിയൊരു യുദ്ധം വേണ്ട



കലിംഗയുദ്ധം - ചിത്രകാരന്റെ ഭാവനയിൽ

*ചക്രവർത്തിയായതിനു ശേഷം അശോകൻ യുദ്ധങ്ങളിലൂടെ രാജ്യം വികസിപ്പിച്ചുകൊണ്ടിരുന്നു. തനിക്ക് കീഴടങ്ങാൻ ആവശ്യപ്പെട്ട് കലിംഗയിലെ രാജാവിന് അദ്ദേഹം ഒരു സന്ദേശമയച്ചു. അഭിമാനിയായ കലിംഗ രാജാവ് കീഴടങ്ങാൻ ഒരുക്കമായിരുന്നില്ല. 261 ബി.സി യിൽ അശോകൻ കലിംഗയെ കീഴ്പ്പെടുത്താൻ പുറപ്പെട്ടു. സ്വാതന്ത്ര്യസ്നേഹികളായ കലിംഗയിലെ ജനങ്ങൾ ഒറ്റക്കെട്ടായി അശോകന്റെ ആക്രമണത്തെ പ്രതിരോധിച്ചു. അശോകന്റെ പ്രതീക്ഷയ്ക്ക് വിരുദ്ധമായി കലിംഗ പലപ്പോഴും വിജയത്തിന്റെ വക്കിലെത്തി. എന്നാൽ അന്തിമവിജയം അശോകനു തന്നെയായിരുന്നു.*

*യുദ്ധക്കളം ഇരുപക്ഷത്തേയും സൈനികരുടെ മൃതദേഹങ്ങൾ കൊണ്ട് നിറഞ്ഞു. വട്ടമിട്ട് പറക്കുന്ന കഴുകൻമാർ... കൈകാലുകൾ നഷ്ടപ്പെട്ട് വേദന കൊണ്ട് പുളയുന്നവർ... ഉറ്റവരെ നഷ്ടപ്പെട്ട അനാഥക്കുഞ്ഞുങ്ങളുടെ വിലാപം.. വിധവകളുടെ കണ്ണീർപ്പുഴ.*

*യുദ്ധക്കാഴ്ചകൾ അശോകനെ അസ്വസ്ഥനാക്കി. ഈ രീതിയിലുള്ള വിജയം അർത്ഥശൂന്യമാണെന്ന് അദ്ദേഹം തിരിച്ചറിഞ്ഞു. ഏറെ വൈകാതെ അദ്ദേഹം ബുദ്ധമതാനുയായി ആയി മാറുകയും ബുദ്ധതത്വങ്ങളിലൂന്നി ഭരണം തുടരുകയും ചെയ്തു.*

കലിംഗ യുദ്ധം അശോകനെ സ്വാധീനിച്ച രംഗം സ്കിറ്റിലൂടെ ക്ലാസിൽ അവതരിപ്പിക്കൂ.

## സമൂഹം, സമ്പത്ത്, കല

മൗര്യന്മാരുടെ കാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക ജീവിതം എങ്ങനെയായിരുന്നുവെന്ന് നോക്കാം.

- ചാതുർവർണ്യത്തിലധിഷ്ഠിതമായ സാമൂഹ്യവിഭജനം നിലനിന്നിരുന്നു.
- കാർഷിക പ്രവൃത്തികൾ ശൂദ്രരെക്കൊണ്ടാണ് ചെയ്യിച്ചിരുന്നത്.
- ജൈനമതവും ബുദ്ധമതവും ഏറെ പ്രചാരം നേടി.
- കൃഷിയും വാണിജ്യവും മൗര്യഭരണകാലത്ത് അഭിവൃദ്ധി പ്രാപിച്ചു.
- കൃഷിയുടെ പുരോഗതിക്കായി രാജാക്കന്മാർ ജലസേചനസൗകര്യങ്ങൾ ഒരുക്കി.
- തുന്നൽ, നെയ്ത്ത് തുടങ്ങിയ കൈത്തൊഴിലുകൾ നിലനിന്നിരുന്നു.
- നാണയങ്ങൾ പ്രചാരത്തിലുണ്ടായിരുന്നു.
- കച്ചവടത്തിന്റെ പുരോഗതിക്കായി നിരവധി പാതകൾ നിർമ്മിച്ചു.

അശോകൻ സാഞ്ചിയിൽ സ്ഥാപിച്ച സ്തൂപമാണ് ചിത്രത്തിലുള്ളത്. ഇതുപോലെ നിരവധി സ്തൂപങ്ങൾ മൗര്യകാലഘട്ടത്തിൽ നിർമ്മിക്കപ്പെട്ടു. ഇതിനുപുറമെ അനേകം കൊട്ടാരങ്ങളും സാരനാഥിലേതുപോലുള്ള സ്തംഭങ്ങളും മൗര്യരാജാക്കന്മാർ നിർമ്മിച്ചു. ഈ നിർമ്മിതികൾ മൗര്യകാലഘട്ടത്തിൽ വാസ്തുവിദ്യയിലും ശില്പവിദ്യയിലും ഉണ്ടായ പുരോഗതിയെ സൂചിപ്പിക്കുന്നു.



സാഞ്ചിയിലെ സ്തൂപം



മൗര്യഭരണകാലത്തെ മനുഷ്യജീവിതത്തെ പിൽക്കാലവേദകാലത്തെ ജീവിതവുമായി താരതമ്യം ചെയ്യുക.

## കാലം മാറുന്നു

മൗര്യഭരണത്തിന്റെ തകർച്ചയ്ക്കുശേഷം എ.ഡി. നാലാം നൂറ്റാണ്ടോടെ ഗംഗാതടത്തിൽ ഉയർന്നുവന്ന മറ്റൊരു രാജവംശമായിരുന്നു ഗുപ്തരാജവംശം. ചന്ദ്രഗുപ്തൻ ഒന്നാമൻ, സമുദ്രഗുപ്തൻ, ചന്ദ്രഗുപ്തൻ രണ്ടാമൻ എന്നിവർ ഈ രാജവംശത്തിലെ ശ്രദ്ധേയരായ ഭരണാധികാരികളായിരുന്നു.

ഗുപ്തകാലഘട്ടത്തിന്റെ അവസാനമാകുമ്പോഴേക്കും ദൂരദേശങ്ങളുമായുള്ള വ്യാപാരത്തിൽ കുറവു വന്നു. കൂടുതൽ ജനങ്ങൾ കൃഷിയിൽ വ്യാപൃതരായി. അക്കാലത്ത് രാജാക്കന്മാർ പുരോഹിതന്മാർക്കും ആരാധനാലയങ്ങൾക്കും വൻതോതിൽ ഭൂമി ദാനമായി നൽകി. പുരോഹിതന്മാർ കർഷകരെക്കൊണ്ട് ഇവിടങ്ങളിൽ കൃഷിചെയ്യിച്ചു. സാമൂഹിക അസമത്വം വർദ്ധിച്ചു. ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും പ്രാധാന്യം കുറഞ്ഞു.

മൗര്യകാലഘട്ടത്തിലെയും ഗുപ്തകാലഘട്ടത്തിലെയും സാമൂഹിക, സാമ്പത്തികജീവിതം താരതമ്യം ചെയ്യുക.

## അറിവിന്റെ വികാസം

ഗുപ്തകാലത്ത് സംസ്കൃതഭാഷയിൽ നിരവധി കൃതികൾ രചിക്കപ്പെട്ടു. അക്കാലത്തെ സാഹിത്യകാരന്മാരിൽ പ്രധാനിയായിരുന്നു കാളിദാസൻ. അഭിജ്ഞാനശാകുന്തളം, മേഘസന്ദേശം, കുമാരസംഭവം എന്നിവ അദ്ദേഹത്തിന്റെ പ്രധാന കൃതികളാണ്.

### നവരത്നങ്ങൾ

*ചന്ദ്രഗുപ്തൻ രണ്ടാമന്റെ കൊട്ടാരത്തിൽ ജീവിച്ചിരുന്ന ഒമ്പതു പണ്ഡിതന്മാർ നവരത്നങ്ങൾ എന്നറിയപ്പെടുന്നു. കാളിദാസൻ, ഘടകർപ്പരൻ, ക്ഷപണകൻ, വരരുചി, വരാഹമിഹിരൻ, വേതാളഭട്ടൻ, ധന്വന്തരി, അമരസിംഹൻ, ശങ്കു എന്നിവരായിരുന്നു അവർ.*

ചിത്രത്തിൽ കാണുന്ന ഇരുമ്പുതൂൺ ശ്രദ്ധിച്ചല്ലോ. ഇന്ന് ഡൽഹിക്ക് സമീപമുള്ള മെഹ്റൗളിയിൽ സ്ഥിതിചെയ്യുന്ന ഈ തൂൺ പണികഴിപ്പിച്ചത് ചന്ദ്രഗുപ്തൻ രണ്ടാമന്റെ കാലത്താണ്.

കൊടുംചൂടും മഴയും കനത്ത മഞ്ഞും ഏറ്റിട്ടും ഇന്നും തുരുമ്പു പിടിക്കാതെ ഇത് നിൽക്കുന്നുവെന്നതിൽ അത്ഭുതം തോന്നുന്നില്ലേ? ഗുപ്തകാലഘട്ടത്തിലെ ഉരുക്ക് സംസ്കരണത്തിന്റെ മികവ് തെളിയിക്കുന്നതാണ് ഈ ഇരുമ്പുതൂൺ.


മെഹ്റൗളിയിലെ ഇരുമ്പുതൂൺ

ഗുപ്തകാലത്ത് ശാസ്ത്രരംഗത്ത് മികച്ച സംഭാവനകൾ നൽകിയ ചിലരാണ് വരാഹമിഹിരൻ, ബ്രഹ്മഗുപ്തൻ, ഭാസ്കരാചാര്യർ, ആര്യഭട്ടൻ തുടങ്ങിയവർ. ഇവരിൽ വരാഹമിഹിരൻ, ബ്രഹ്മഗുപ്തൻ എന്നിവർ ജ്യോതിശാസ്ത്രത്തിലും ഭാസ്കരാചാര്യർ ഗണിതശാസ്ത്രത്തിലും ആര്യഭട്ടൻ ജ്യോതിശാസ്ത്രത്തിലും ഗണിതശാസ്ത്രത്തിലും ശ്രദ്ധേയമായ സംഭാവനകൾ നൽകി.

ഗുപ്തകാലത്ത് ജീവിച്ചിരുന്ന ശ്രദ്ധേയരായ ചില വ്യക്തികളുടെ പേരുകൾ പട്ടികയിൽ നൽകിയിട്ടുണ്ട്. അവർ ഏതേതു മേഖലകളിലാണ് പ്രശസ്ത രായത് എന്നെഴുതുക.

| വ്യക്തികൾ | മേഖലകൾ |
|---|---|
| ആര്യഭട്ടൻ | |
| കാളിദാസൻ | |
| വരാഹമിഹിരൻ | |
| ഭാസ്കരാചാര്യർ | |
| ബ്രഹ്മഗുപ്തൻ | |

പുരാതനേന്ത്യയിലെ പ്രസിദ്ധമായ വിദ്യാഭ്യാസകേന്ദ്രമായിരുന്ന നളന്ദ സർവ്വകലാശാലയുടെ ശേഷിപ്പാണ് ചിത്രത്തിൽ കാണുന്നത്. ഗുപ്തകാലത്താണ് ഇത് സ്ഥാപിച്ചത്. ഏഷ്യയുടെ വിവിധ ഭാഗങ്ങളിൽ നിന്ന് ഇവിടേക്ക് വിദ്യാർത്ഥികൾ എത്തിയിരുന്നു. പതിനായിരക്കണക്കിന് വിദ്യാർത്ഥികളും നൂറോളം അധ്യാപകരും അവിടെ ഉണ്ടായിരുന്നു.



നളന്ദ സർവ്വകലാശാലയുടെ ശേഷിപ്പ്

ഈ പാഠഭാഗത്തിൽ നമ്മൾ പരിചയപ്പെട്ട ചില സ്മാരകങ്ങളുടെ ചിത്രങ്ങൾ തന്നിട്ടുണ്ട്. അവ ഓരോന്നും ഏത് മേഖലയിലെ പുരോഗതിയെയാണ് സൂചിപ്പിക്കുന്നത്? എഴുതിനോക്കൂ.

| സ്മാരകം | മേഖല |
|---|---|
|  | |
|  | |
|  | |
|  | |
|  | |



ശാസ്ത്രം, കല, സാഹിത്യം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പ്രാചീന ഇന്ത്യയിലെ ശ്രദ്ധേയമായ കാലമായിരുന്നു ഗുപ്തന്മാരുടേത്. വ്യക്തമാക്കുക.

മഗധയുടെ വളർച്ച മുതൽ ഗുപ്തകാലംവരെയുള്ള സാമൂഹ്യമാറ്റങ്ങളാണല്ലോ നമ്മൾ ചർച്ച ചെയ്തത്. അവയിൽ പ്രധാനപ്പെട്ടവ ഏതൊക്കെയെന്ന് നോക്കാം.

- കൃഷി വിപുലമായതോടെ കാർഷികോൽപ്പാദനം വർദ്ധിച്ചു.
- കൃഷിയും അതുമായി ബന്ധപ്പെട്ട തൊഴിലുകളും നിരവധി പുതിയ അറിവുകൾ സൃഷ്ടിച്ചു.
- സാമൂഹികാസമത്വങ്ങൾക്കെതിരായി ഉയർന്നുവന്ന ആശയങ്ങൾ സമൂഹത്തെയും രാജ്യഭരണത്തെയും സ്വാധീനിച്ചു.
- ശാസ്ത്രം, കല, സാഹിത്യം എന്നീ മേഖലകളിൽ ഉണ്ടായ മാറ്റങ്ങളെ ഭരണാധികാരികൾ പ്രോത്സാഹിപ്പിച്ചു.

## സംഗ്രഹം

- സ്ഥിരവാസവും കൃഷിയുടെ വ്യാപനവും മഹാജനപദങ്ങളുടെ ആവിർഭാവത്തിന് വഴിതെളിച്ചു.
- ബി.സി. ആറാം നൂറ്റാണ്ടിൽ ജൈനമതം, ബുദ്ധമതം എന്നിവ ആവിർഭവിച്ചു.
- പതിനാറ് മഹാജനപദങ്ങളിൽ പ്രധാനപ്പെട്ടതായി മാറിയ മഗധയാണ് മൗര്യഭരണത്തിന്റെ കേന്ദ്രമായി വളർന്നത്.
- ഗുപ്തകാലഘട്ടത്തിൽ സാഹിത്യം, കല, ശാസ്ത്രം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിൽ പുരോഗതി ഉണ്ടായി.
- പ്രാചീന ഇന്ത്യയിലെ പ്രധാന വിദ്യാഭ്യാസകേന്ദ്രമായിരുന്നു നളന്ദ സർവ്വകലാശാല.

## പ്രധാന പഠനനേട്ടങ്ങളിൽപ്പെടുന്നവ

- പുരാതന ഇന്ത്യയിൽ നിലനിന്ന മഹാജനപദങ്ങൾ വിശദീകരിക്കുന്നു.
- മഗധയുടെ ഉയർച്ചയ്ക്ക് കാരണമായ ഘടകങ്ങൾ കണ്ടെത്തുന്നു.
- ബുദ്ധമതവും ജൈനമതവും രൂപപ്പെടാനുണ്ടായ സാഹചര്യം വിലയിരുത്തുന്നു.
- മൗര്യന്മാരുടെ ഭരണകാലത്തെ വിലയിരുത്തുന്നു.
- ഗുപ്തകാലഘട്ടത്തിൽ കല, സാഹിത്യം, ശാസ്ത്രം, വിദ്യാഭ്യാസം എന്നീ രംഗങ്ങളിലുണ്ടായ പുരോഗതി വിലയിരുത്തുന്നു.
- ഗുപ്തകാലഘട്ടത്തിലെ സാമൂഹിക സാമ്പത്തിക ജീവിതത്തെ മൗര്യകാലഘട്ടത്തിലേതുമായി താരതമ്യം ചെയ്യുന്നു.

## വിലയിരുത്താം

- ബുദ്ധമതത്തിന്റെയും ജൈനമതത്തിന്റെയും ആവിർഭാവം കാലഘട്ടത്തിന്റെ ആവശ്യമായിരുന്നുവെന്ന് പറയാമോ? വ്യക്തമാക്കുക.
- മഗധയുടെ വളർച്ചയ്ക്ക് വഴിതെളിച്ച ഘടകങ്ങൾ വ്യക്തമാക്കുക.
- ജനപദങ്ങളുടെ രൂപീകരണത്തിൽ കാർഷികമേഖലയ്ക്കുള്ള പങ്ക് എന്തായിരുന്നു?

- അശോകന്റെ 'ധമ്മം' എന്തെന്ന് വിശദമാക്കുക.
- ഗുപ്തകാലത്ത് ശാസ്ത്രം, സാഹിത്യം എന്നീ രംഗങ്ങളിലുണ്ടായ പുരോഗതി വ്യക്തമാക്കുക.

## തുടർ പ്രവർത്തനങ്ങൾ

- ദേശീയമുദ്ര രേഖപ്പെടുത്തിയിരിക്കുന്ന വസ്തുക്കൾ ഏതെല്ലാമാണെന്ന് കണ്ടെത്തി പട്ടികപ്പെടുത്തു.
- പ്രാചീന ഇന്ത്യയിലെ സാഹിത്യകാരന്മാരെയും അവരുടെ കൃതികളെയും പട്ടികപ്പെടുത്തുക.
- ജാതകകഥകൾ, പഞ്ചതന്ത്രംകഥകൾ, വിക്രമാദിത്യകഥകൾ എന്നിവ ശേഖരിച്ച് വായിക്കുക.



# 9

# ജനങ്ങൾ ജനങ്ങൾക്കുവേണ്ടി




നിങ്ങൾ ഗ്രാമസഭയെക്കുറിച്ചു കേട്ടിട്ടുണ്ടോ?

ഒരു ഗ്രാമസഭ കൂടുന്ന ചിത്രമാണ് മുകളിൽ കൊടുത്തിട്ടുള്ളത്.

നിങ്ങളുടെ നാട്ടിലും ഗ്രാമസഭ കൂടാറില്ലേ? അതിൽ ആരൊക്കെയാണ് പങ്കെടുക്കുന്നതെന്നും എന്തൊക്കെയാണ് അവിടെ ചർച്ച ചെയ്യുന്നതെന്നും കണ്ടെത്താൻ ശ്രമിക്കൂ.

വാർഡുതലത്തിലുള്ള വികസന പ്രവർത്തനങ്ങൾ തീരുമാനിക്കാനുള്ള വേദിയാണ് ഗ്രാമസഭ. നഗരങ്ങളിൽ ഇതിനെ 'വാർഡ് സഭ' എന്നു പറയുന്നു. വാർഡിലെ എല്ലാ വോട്ടർമാർക്കും ഗ്രാമസഭയിൽ/വാർഡ് സഭയിൽ പങ്കെടുക്കാം. ചർച്ചകളിൽ പങ്കെടുത്ത് അഭിപ്രായം പറയാൻ അവർക്കെല്ലാം അവസരമുണ്ട്. വാർഡിൽ നടപ്പാക്കേണ്ട വികസനപ്രവർത്തനങ്ങൾ സംബന്ധിച്ച് ജനങ്ങൾ ഗ്രാമസഭയിൽ കൂട്ടായി ചർച്ച ചെയ്ത് തീരുമാനങ്ങൾ എടുക്കുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നത് ആ വാർഡിൽ നിന്നും ജനങ്ങൾ തിരഞ്ഞെടുക്കുന്ന ജനപ്രതിനിധിയാണ്. ഈ ജനപ്രതിനിധി ഗ്രാമങ്ങളിൽ വാർഡ് മെമ്പർ എന്നും നഗരങ്ങളിൽ കൗൺസിലർ എന്നും അറിയപ്പെടുന്നു. ഇത്തരത്തിൽ പ്രതിനിധികളെ തിരഞ്ഞെടുക്കുന്ന രീതി മറ്റ് എവിടെയെല്ലാം നിങ്ങൾക്ക് കാണാം?


- ക്ലാസ്/സ്കൂൾ ലീഡർ
- സഹകരണസംഘം
- ക്ലബ്ബ്/വായനശാല
- ബ്ലോക്ക് പഞ്ചായത്ത്
- ജില്ലാ പഞ്ചായത്ത്
- സംസ്ഥാന നിയമസഭ
- പാർലമെന്റ്
- 

ഗ്രാമസഭയിൽ ജനങ്ങൾക്ക് നേരിട്ട് പങ്കാളികളാകാനും തീരുമാനങ്ങളെടുക്കുവാനും കഴിയുന്നു. എന്നാൽ സംസ്ഥാനതലത്തിലും ദേശീയതലത്തിലും കൂട്ടായ തീരുമാനങ്ങളെടുക്കുന്നത് ജനങ്ങൾ തിരഞ്ഞെടുത്ത പ്രതിനിധികളാണ്.

ജനാധിപത്യഭരണം ജനങ്ങളുടെ ആഗ്രഹങ്ങൾക്ക് അനുസൃതമായിരിക്കണം.

*– മഹാത്മാ ഗാന്ധി*





ജനങ്ങൾക്കുവേണ്ടി
ജനങ്ങളാൽ നടത്തുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം

**– എബ്രഹാം ലിങ്കൺ**

ആഗോളആദരവ് പിടിച്ചുപറ്റുന്ന
ഏക ഭരണസംവിധാനം ജനാധിപത്യമാണ്

**- അമർത്യ സെൻ**



ജനാധിപത്യത്തിന്റെ ചില സവിശേഷതകളും ജനാധിപത്യത്തെക്കുറിച്ചുള്ള മഹാന്മാരുടെ അഭിപ്രായങ്ങളും വായിച്ചല്ലോ. എന്താണ് ജനാധിപത്യം എന്ന് നോക്കാം. ജനങ്ങൾ നേരിട്ടോ ജനങ്ങളാൽ തിരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളോ ജനങ്ങൾക്കു വേണ്ടി ഭരണം നടത്തുന്ന പ്രക്രിയയാണ് ജനാധിപത്യം എന്നറിയപ്പെടുന്നത്.

**ജനാധിപത്യം**

*ജനാധിപത്യം എന്ന് അർത്ഥം വരുന്ന 'ഡെമോക്രസി', എന്ന ഇംഗ്ലീഷ് പദം 'ഡേമോക്രാറ്റിയ' എന്ന ഗ്രീക്ക് പദത്തിൽനിന്ന് ഉത്ഭവിച്ചതാണ്. ജനം എന്നർത്ഥമുള്ള ഡമോസ് (demos), ശക്തി അഥവാ അധികാരം എന്നർത്ഥമുള്ള 'ക്രാറ്റോസ്' (kratos) എന്നീ ഗ്രീക്ക് പദങ്ങൾ ചേർന്നുണ്ടായതാണിത്.*


**പ്രത്യക്ഷജനാധിപത്യവും പരോക്ഷജനാധിപത്യവും**

*പ്രത്യക്ഷ ജനാധിപത്യത്തിൽ പ്രധാന തീരുമാനങ്ങൾ ജനങ്ങൾ നേരിട്ടെടുക്കുന്നു. സംസ്ഥാന നിയമസഭ, പാർലമെന്റ് എന്നിവിടങ്ങളിൽ തീരുമാനങ്ങളെടുക്കുന്നത് ജനങ്ങൾ നേരിട്ടല്ല. അവർ തിരഞ്ഞെടുത്ത പ്രതിനിധികളാണ് ഇവിടെ ജനങ്ങൾക്കുവേണ്ടി തീരുമാനങ്ങളെടുക്കുന്നത്. ഇത്തരം പ്രാതിനിധ്യജനാധിപത്യത്തെ പരോക്ഷജനാധിപത്യം എന്നു പറയുന്നു.*

## ജനാധിപത്യവും തിരഞ്ഞെടുപ്പും

പ്രാദേശികതലം മുതൽ പാർലമെന്റുവരെ തങ്ങളെ ഭരിക്കേണ്ട പ്രതിനിധികളെ തിരഞ്ഞെടുക്കുന്നത് ജനങ്ങളാണ്. സാർവ്വത്രിക പ്രായപൂർത്തി വോട്ടാവകാശത്തിന്റെ അടിസ്ഥാനത്തിലാണ് തിരഞ്ഞെടുപ്പ് നടത്തുന്നത്. 18 വയസ് പൂർത്തിയായ എല്ലാ ഇന്ത്യൻ പൗരൻമാർക്കും വോട്ടവകാശം ഉണ്ട്. ഇങ്ങനെ പ്രാദേശികഭരണകൂടങ്ങളിലേക്കും നിയമസഭകളിലേക്കും ലോക്സഭയിലേക്കുമുള്ള പ്രതിനിധികളെ ജനങ്ങൾ വോട്ടു ചെയ്താണ് തിരഞ്ഞെടുക്കുന്നത്. തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ അടിസ്ഥാന സവിശേഷതകളിലൊന്നാണ്.


തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് താഴെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുമല്ലോ.



- നിങ്ങളുടെ വീട്ടിൽ ആരൊക്കെയാണ് വോട്ട് ചെയ്യാറുള്ളത്?
- നിങ്ങളുടെ നിയമസഭാ നിയോജക മണ്ഡലം ഏത്?
- ആരാണ് നിങ്ങളുടെ നിയമസഭാ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധി (എം.എൽ.എ)?
- നിങ്ങളുടെ ലോക്സഭാ നിയോജകമണ്ഡലം ഏത്?
- ആരാണ് നിങ്ങളുടെ ലോക്സഭാ നിയോജകമണ്ഡലത്തിലെ ജനപ്രതിനിധി (എം.പി.)?

## തിരഞ്ഞെടുപ്പ് ഘട്ടങ്ങൾ

തിരഞ്ഞെടുപ്പിന്റെ ഭാഗമായി സ്കൂൾ ജനാധിപത്യവേദി നിങ്ങളുടെ ക്ലാസിലും ലീഡറെ തിരഞ്ഞെടുത്തിട്ടുണ്ടല്ലോ. അതുപോലെ നമ്മുടെ രാജ്യത്തിലെ തിരഞ്ഞെടുപ്പ് പ്രക്രിയയിലും നിർബന്ധമായി പാലിക്കേണ്ട ചില ഘട്ടങ്ങളുണ്ട്. അവ സൂചിപ്പിക്കുന്ന ഫ്ളോ ചാർട്ട് നോക്കൂ.



ഇങ്ങനെ കൃത്യമായ ഘട്ടങ്ങൾ പാലിച്ചുകൊണ്ടാണ് എല്ലാ തിരഞ്ഞെടുപ്പുകളും നടക്കുന്നത്. തിരഞ്ഞെടുപ്പ് ജനാധിപത്യത്തിന്റെ ഒരു അവിഭാജ്യഘടകമാണ്. ഇതുപോലെ ജനാധിപത്യം മറ്റു ചില ഘടകങ്ങളെയും ആശ്രയിച്ചാണ് നിലകൊള്ളുന്നത്. അവ ഏതൊക്കെ എന്ന് നോക്കാം.

## ജനാധിപത്യത്തിന്റെ നിലനിൽപ്പിനാവശ്യമായ ഘടകങ്ങൾ

- **നിയമവാഴ്ച**

എല്ലാവരും നിയമത്തിനു മുന്നിൽ തുല്യരാണ്. നിയമങ്ങൾ അനുസരിക്കാൻ എല്ലാവർക്കും ബാധ്യതയുണ്ട്. ആരും നിയമത്തിന് അതീതരല്ല. നിയമവാഴ്ചയുടെ പ്രാധാന്യം വളരെ ലളിതമായ ഒരു ഉദാഹരണത്തിലൂടെ നമുക്ക് മനസ്സിലാക്കാം.

റോഡിലൂടെ അലക്ഷ്യമായി വാഹനം ഓടിച്ചാൽ എന്തു സംഭവിക്കും? അതിന്റെ പ്രത്യാഘാതങ്ങൾ ചർച്ച ചെയ്യൂ.

വാഹനങ്ങളുടെ സഞ്ചാരം സുഗമവും സുരക്ഷിതവുമാക്കുകയാണ് ട്രാഫിക് നിയമങ്ങളുടെ ലക്ഷ്യം. ഇത്തരത്തിലുള്ള വിവിധ നിയമങ്ങൾ കണ്ടെത്തി അവ എങ്ങനെ ജനങ്ങളുടെ ജീവിതം മെച്ചപ്പെടുത്താൻ ഉപയുക്തമാകുന്നുവെന്ന് വിലയിരുത്തുക.

- **അവകാശങ്ങൾ**

വ്യക്തിയുടെയും രാജ്യത്തിന്റെയും പുരോഗതിക്കുവേണ്ടി രാജ്യം അനുവദിച്ചുകൊടുത്തിട്ടുള്ള സാഹചര്യങ്ങളാണ് അവകാശങ്ങൾ. വിവിധ അവകാശങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നതിനുവേണ്ടി ഗവൺമെന്റ് നടപ്പിലാക്കിയ നിയമങ്ങൾ താഴെ തന്നിരിക്കുന്ന പട്ടികയുടെ 'A' കോളത്തിൽ നൽകിയിരിക്കുന്നു. ഈ നിയമത്തിലൂടെ ലഭിക്കുന്ന വിവിധ അവകാശങ്ങൾ കണ്ടെത്തി 'B' കോളം പൂരിപ്പിക്കുവാൻ ശ്രമിക്കൂ.

| A<br>വിവിധ നിയമങ്ങൾ | B<br>ലഭിക്കുന്ന അവകാശങ്ങൾ |
|---|---|
| • വിദ്യാഭ്യാസ അവകാശനിയമം | • ........................................ |
| • മോട്ടോർ വാഹനനിയമം | • ........................................ |
| • വിവരാവകാശ നിയമം | • ........................................ |
| • വൃദ്ധജനപരിപാലന നിയമം | • ........................................ |

പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള വിവിധ നിയമങ്ങളിലൂടെ ഒരു ജനാധിപത്യ രാജ്യത്തിലെ ജനങ്ങൾക്ക് വിവിധ അവകാശങ്ങൾ ലഭിക്കുന്നു എന്ന് മനസ്സിലായല്ലോ.

ഇത്തരത്തിലുള്ള അവകാശങ്ങളുടെ അഭാവത്തിൽ എന്തു സംഭവിക്കുമെന്നും ജനാധിപത്യത്തിനെ അത് എങ്ങനെ ദോഷകരമായി ബാധിക്കുമെന്നും ക്ലാസിൽ ചർച്ച ചെയ്യൂ.

**• സാമൂഹ്യ-സാമ്പത്തികനീതി**

എല്ലാ ജനങ്ങൾക്കും പങ്കാളിത്തം നൽകുന്ന ഭരണസംവിധാനമാണ് ജനാധിപത്യം. പങ്കാളികൾ എല്ലാവരും തുല്യരാകുമ്പോഴാണ് ജനാധിപത്യം അർത്ഥവത്താകുന്നത്. സാമൂഹ്യവും സാമ്പത്തികവുമായ അസമത്വം കുറച്ച് എല്ലാവർക്കും തുല്യ പരിഗണന നൽകുക എന്നതാണ് സാമൂഹ്യ-സാമ്പത്തികനീതി എന്ന ആശയത്തിലൂടെ ഉദ്ദേശിക്കുന്നത്.



സാമൂഹ്യ-സാമ്പത്തിക നീതിക്ക് വിരുദ്ധമായ ചില ആശയങ്ങൾ താഴെ കൊടുത്തിരിക്കുന്നു. അവ എങ്ങനെ ജനാധിപത്യത്തെ ബാധിക്കുമെന്ന് വിശകലനം ചെയ്യുക.

- അടിമത്തം
- സ്ത്രീ വിവേചനം
- തൊഴിലില്ലായ്മ
- ദാരിദ്ര്യം

**• മാധ്യമങ്ങൾ**



നൽകിയിരിക്കുന്ന ചിത്രം ശ്രദ്ധിച്ചുവല്ലോ! ഇതിൽനിന്നും മാധ്യമങ്ങൾ എന്നതുകൊണ്ടുദ്ദേശിക്കുന്നതെന്താണെന്ന് കണ്ടെത്തൂ! നിങ്ങൾക്കറിയാവുന്ന വിവിധ പത്രങ്ങളും ടി.വി. ചാനലുകളും പട്ടികപ്പെടുത്തൂ. സമൂഹത്തിലെ സംഭവങ്ങൾ ജനങ്ങളിൽ എത്തിക്കുവാൻ സഹായിക്കുന്ന ഒരു പ്രധാന ഉപാധിയാണ് മാധ്യമങ്ങൾ. സ്വതന്ത്രവും നിഷ്പക്ഷവുമായ മാധ്യമങ്ങൾ ജനാധിപത്യത്തിന്റെ അടിത്തറയാണ്. ജനങ്ങളുടെ താൽപ്പര്യങ്ങൾ പരസ്പരം അറിയുന്നതിനും പൊതുവായ ആവശ്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും മാധ്യമങ്ങൾ പ്രധാന പങ്ക് വഹിക്കുന്നു. ഗവൺമെന്റിന്റെ തീരുമാനങ്ങൾ ജനങ്ങളിലെത്തുന്നതും മാധ്യമങ്ങൾ വഴിയാണ്. പത്രങ്ങളിൽനിന്നും ഇത്തരത്തിലുള്ള വാർത്തകൾ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുമല്ലൊ.

മാധ്യമങ്ങൾ ഇല്ലെങ്കിൽ ജനാധിപത്യത്തിന് എന്തു സംഭവിക്കുമെന്ന് സങ്കൽപ്പിച്ച് ഒരു കുറിപ്പ് തയ്യാറാക്കൂ.

- **പ്രതിപക്ഷം**

ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യം നമ്മൾ പഠിച്ചുവല്ലോ. തിരഞ്ഞെടുപ്പിലൂടെ ഭരണപക്ഷവും ഒപ്പം പ്രതിപക്ഷവുമുണ്ടാകുന്നു. ഗവൺമെന്റിന്റെ പ്രവർത്തനത്തിലെ പാളിച്ചകൾ തുറന്നു കാട്ടി നല്ല രീതിയിൽ പ്രവർത്തിക്കാൻ ഗവൺമെന്റിനെ പ്രേരിപ്പിക്കുകയാണ് പ്രതിപക്ഷത്തിന്റെ ധർമ്മം. പ്രതിപക്ഷത്തിന്റെ പ്രവർത്തനങ്ങളെക്കുറിച്ചുള്ള പത്രവാർത്തകൾ ശേഖരിക്കുമല്ലോ. ജനാധിപത്യത്തിൽ പ്രതിപക്ഷത്തിന്റെ പങ്കിനെക്കുറിച്ച് ഒരു ചർച്ച സംഘടിപ്പിക്കുമല്ലോ.

ഇങ്ങനെ തിരഞ്ഞെടുപ്പ്, നിയമവാഴ്ച, അവകാശങ്ങൾ, സാമൂഹ്യസാമ്പത്തിക നീതി, മാധ്യമങ്ങൾ, പ്രതിപക്ഷം തുടങ്ങിയ ഘടകങ്ങളാണ് ജനാധിപത്യത്തെ നിലനിർത്തുന്നത്.

## ജനാധിപത്യം ഒരു ജീവിതരീതി

ഒരു ജീവിതരീതി എന്ന നിലയിൽ ജനാധിപത്യം മാനുഷികമൂല്യങ്ങൾക്കും വ്യക്തിസ്വാതന്ത്ര്യത്തിനും അംഗീകാരം നൽകുന്നു. മറ്റുള്ളവരുടെ അഭിപ്രായങ്ങളെ മാനിക്കുക എന്നത് ജനാധിപത്യജീവിതരീതിയുടെ ഭാഗമാണ്. അഭിപ്രായങ്ങളോട് യോജിക്കാനോ വിയോജിക്കാനോ വ്യക്തിക്ക് അവകാശമുണ്ട്. കൂട്ടായ തീരുമാനങ്ങൾ എടുക്കാൻ കഴിയുമ്പോൾ ജനാധിപത്യം അർത്ഥപൂർണ്ണമാകുന്നു. വീട്, സ്കൂൾ, സമൂഹം തുടങ്ങി ജീവിതത്തിന്റെ എല്ലാ മേഖലകളിലും ജനാധിപത്യത്തെ ഒരു ജീവിതരീതി എന്ന നിലയിൽ ഉൾക്കൊണ്ട് പ്രവർത്തിക്കുവാൻ കഴിയണം.

നിത്യജീവിതത്തിൽ ജനാധിപത്യപരമായ പല ശീലങ്ങളും നമ്മൾ സ്വായത്ത മാക്കാറുണ്ട്. ഏതൊക്കെയാണവ?

- മറ്റുള്ളവരുടെ അഭിപ്രായങ്ങളെ അംഗീകരിക്കാറുണ്ട്.
- ഊഴത്തിനായി കാത്തുനിൽക്കാറുണ്ട്.
- മറ്റുള്ളവരുടെ സ്വാതന്ത്ര്യം പരിഗണിക്കാറുണ്ട്.



നിങ്ങളുടെ കൂട്ടുകാരൻ/കൂട്ടുകാരി ജനാധിപത്യവാദിയാണോ? പട്ടിക പരിശോധിക്കൂ. അനുയോജ്യമായ ഭാഗത്ത് ✓ അടയാളം കൊടുക്കൂ.

| സാഹചര്യം | അതെ | അല്ല |
|---|---|---|
| റോഡുനിയമങ്ങൾ പാലിക്കാറുണ്ട് | | |
| വരിയായിനിന്ന് സ്കൂൾ ബസിൽ കയറാൻ ശ്രമിക്കാറുണ്ട് | | |
| ലൈബ്രറിപുസ്തകം കൃത്യസമയത്ത് മടക്കി നൽകാറുണ്ട് | | |
| ചില അഭിപ്രായങ്ങൾ ശരിയല്ലെന്ന് തോന്നിയാൽ യോജിക്കാറില്ല | | |
| സ്കൂൾയൂണിഫോം കൃത്യമായി ധരിക്കുന്നതിന് ശ്രദ്ധിക്കാറുണ്ട് | | |
| മാലിന്യം പൊതുസ്ഥലങ്ങളിൽ നിക്ഷേപിക്കാറില്ല | | |

പട്ടികയിൽ കൂടുതൽ പ്രസ്താവനകൾ രേഖപ്പെടുത്തുമല്ലോ.

'അതെ' എന്ന ഭാഗത്തെ ✓ അടയാളം ഒരാൾ ജനാധിപത്യവാദിയാണെന്ന് സൂചി പ്പിക്കുന്നു. അതെ എന്ന ഭാഗത്തെ അടയാളപ്പെടുത്തലിന്റെ എണ്ണം കൂടുന്തോറും ഒരാൾ ജനാധിപത്യ ജീവിതരീതിയോട് കൂടുതൽ അടുക്കുന്നു എന്ന് പറയാം.

സമൂഹത്തിന്റെ നല്ല രീതിയിലുള്ള മുന്നോട്ടുപോക്കിന് ഓരോ വ്യക്തിയും മറ്റുള്ള വരുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ മാനിക്കേണ്ടതാണ്. ഒരാളുടെ ജനാധിപത്യപരമായ പ്രവർത്തനങ്ങളെ തടസ്സപ്പെടുത്താൻ മറ്റൊരാൾക്ക് അവ കാശമില്ല. ജനാധിപത്യം എന്നത് നിയമവ്യവസ്ഥയിൽ അധിഷ്ഠിതമാണ്. നിയ മങ്ങൾ തെറ്റിക്കുന്നത് ജനാധിപത്യവിരുദ്ധമാണ്.

ശബ്ദമലിനീകരണം സൂചിപ്പിക്കുന്ന ചിത്രം നോക്കൂ.



ഇതുപോലെ ജനാധിപത്യരീതിക്ക് നിരക്കാത്ത പ്രവർത്തനങ്ങൾ നിങ്ങളുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അവ എങ്ങനെയാണ് ജനാധിപത്യത്തെ തടസ്സപ്പെടുത്തുന്നത് എന്ന് ചർച്ച ചെയ്യുക.

ലോകത്തിൽ നിലനിൽക്കുന്ന ഭരണസംവിധാനങ്ങളിൽ ഏറ്റവും മികച്ചതാണ് ജനാധിപത്യസംവിധാനം. ഓരോ പൗരനും ഭരണത്തിൽ പങ്കാളിയാകാൻ ഇതിലൂടെ കഴിയുന്നു. ജനാധിപത്യസംവിധാനങ്ങളെ ശക്തിപ്പെടുത്താൻ നാം ജാഗ്രത പുലർത്തേണ്ടതുണ്ട്.

## സംഗ്രഹം

- ജനങ്ങൾക്കുവേണ്ടി ജനങ്ങളാൽ നടത്തുന്ന ജനങ്ങളുടെ ഭരണമാണ് ജനാധിപത്യം.
- ജനാധിപത്യം എന്നത് കേവലം ഒരു ഭരണക്രമം മാത്രമല്ല ഒരു ജീവിതരീതി കൂടിയാണ്.
- തിരഞ്ഞെടുപ്പുകൾ, നിയമവാഴ്ച, അവകാശങ്ങൾ, സാമൂഹ്യ-സാമ്പത്തിക നീതി, മാധ്യമങ്ങൾ, പ്രതിപക്ഷം തുടങ്ങിയ ഘടകങ്ങളാണ് ജനാധിപത്യത്തെ നിലനിർത്തുന്നത്.

## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- വിവിധ നിർവ്വചനങ്ങൾ താരതമ്യം ചെയ്ത് ജനാധിപത്യത്തെ സംബന്ധിച്ച ആശയങ്ങൾ പ്രസ്താവിക്കുന്നു.
- തിരഞ്ഞെടുപ്പിന്റെ ഘട്ടങ്ങൾ വിശദീകരിക്കുന്നു.
- ജനാധിപത്യം നിലനിൽക്കുന്നതിന് ആവശ്യമായ അടിസ്ഥാന ഘടകങ്ങൾ കണ്ടെത്തുന്നു.
- ജനാധിപത്യം ഒരു ഭരണക്രമം എന്നതുപോലെ ഒരു ജീവിതരീതികൂടിയാണെന്നും സമൂഹത്തിന്റെ പൊതുനന്മയ്ക്ക് അത് അനിവാര്യമാണെന്നും കണ്ടെത്തുന്നു.

## വിലയിരുത്താം

- ജനാധിപത്യത്തിന്റെ മൂന്ന് സവിശേഷതകൾ എഴുതുക.
- ജനാധിപത്യത്തിന്റെ സുഗമമായ മുന്നോട്ടുപോക്കിന് അനുകൂലമായ ചില സാഹചര്യങ്ങൾ താഴെ തന്നിരിക്കുന്നു.

  A - തിരഞ്ഞെടുപ്പ്     B - കോടതികൾ

  C - അവകാശങ്ങൾ     D - സാമൂഹ്യ-സാമ്പത്തികനീതി

  E - മാധ്യമങ്ങൾ     F - പ്രതിപക്ഷം

  താഴെ തന്നിട്ടുള്ള പ്രസ്താവനകൾ മുകളിൽ കൊടുത്തിരിക്കുന്ന ഏത് സാഹചര്യവുമായി ബന്ധപ്പെടുന്നു എന്ന് അവയുടെ അക്ഷരങ്ങൾ എഴുതി സൂചിപ്പിക്കുക:

  1. ഗതാഗതസൗകര്യത്തിനായി നദിക്കു കുറുകെ ഒരു പാലം നിർമ്മിച്ചു. ☐
  2. ഒരു വ്യക്തിക്ക് നിശ്ചിതയോഗ്യതയുണ്ടെങ്കിൽ ഏതു പദവിയും വഹിക്കാനുള്ള അവസരമുണ്ട് ☐
  3. കുറ്റവാളിയെ കോടതി ജീവപര്യന്തം തടവിന് ശിക്ഷിച്ചു ☐
  4. പൊതുപ്രവർത്തകന്റെ അഴിമതി എല്ലാ ടി.വി. ചാനലുകളും പ്രധാന വാർത്തയായി കൊടുത്തു ☐
  5. അഞ്ച് വർഷത്തിലൊരിക്കൽ ജനങ്ങൾ അവരുടെ പ്രതിനിധികളെ തിരഞ്ഞെടുക്കുന്നു. ☐

- ജനാധിപത്യം പ്രാവർത്തികമാകുന്ന ഒരു സന്ദർഭം എഴുതുക.



## തുടർ പ്രവർത്തനങ്ങൾ

- നിങ്ങളുടെ ക്ലാസ് ലീഡർ തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഒരു റിപ്പോർട്ട് തയ്യാറാക്കുക. (നാമനിർദേശപത്രിക, തിരഞ്ഞെടുപ്പുരീതി, സ്ഥാനാർത്ഥികൾക്കു കിട്ടിയ വോട്ടുകളുടെ എണ്ണം എന്നിവ ഉൾപ്പെടുത്താവുന്നതാണ്.)
- തിരഞ്ഞെടുപ്പ്, നിയമവാഴ്ച എന്നിവ സംബന്ധിക്കുന്ന പത്രവാർത്തകൾ ശേഖരിക്കുക.
- ജനാധിപത്യത്തെക്കുറിച്ചുള്ള മഹാന്മാരുടെ അഭിപ്രായങ്ങൾ ശേഖരിച്ച് ചുമർപത്രം തയ്യാറാക്കുക.
- നിങ്ങളുടെ വാർഡ് മെമ്പർ/കൗൺസിലറുമായി അഭിമുഖം നടത്താനുള്ള ചോദ്യാവലി തയ്യാറാക്കുക (വികസനപ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട്).
- ജനാധിപത്യത്തിൽ തിരഞ്ഞെടുപ്പിന്റെ പ്രാധാന്യത്തെക്കുറിച്ച് ഒരു ലഘു കുറിപ്പ് തയാറാക്കുക.
- തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർത്തകളും ചിത്രങ്ങളും ശേഖരിച്ച് കൊളാഷ് തയ്യാറാക്കുക.



# 10

# കേരളക്കരയിൽ

പ്രകൃതിസൗന്ദര്യത്താൽ അനുഗൃഹീതമായ നാടാണ് കേരളം. കുന്നുകളും നദികളും കായലുകളും കടൽത്തീരവും വൈവിധ്യമാർന്ന സസ്യ ജന്തു ജാലങ്ങളും മിതമായ കാലാവസ്ഥയും കേരളത്തിന്റെ സവിശേഷതകളാണ്.




പ്രശസ്ത സാഹിത്യകാരനായ ശ്രീ. എസ്.കെ. പൊറ്റെക്കാട് കേരളത്തെക്കുറിച്ച് വർണ്ണിച്ചിരിക്കുന്നത് നോക്കൂ.

കേരളമേ, നിന്റെയോമനപ്പേർ കേൾക്കെ
കോൾമയിർ കൊള്ളുന്നെന്നുള്ളമെന്നും
നീരാളിപ്പച്ച വിരിച്ച വയലുകൾ
നീളെക്കിടക്കുമുൾ നാടുകളും
വാരിളം പുല്ലണിക്കുന്നിൻ പുറങ്ങളും
നേരറ്റ നീരലർപ്പൊയ്കകളും
പൂത്തിരി കത്തിച്ച പാതിരാവും പിന്നെ
പൂത്തിരുവാതിരപ്പൂനിലാവും

ഇത്രയും മനോഹരമായ നമ്മുടെ സംസ്ഥാനത്തെക്കുറിച്ച് കൂടുതലറിയേണ്ടേ?

ഇന്ത്യയുടെ തെക്കേ അറ്റത്തായി കിഴക്ക് പശ്ചിമഘട്ടത്തിനും പടിഞ്ഞാറ് അറബിക്കടലിനുമിടയിൽ സ്ഥിതി ചെയ്യുന്ന ഭൂപ്രദേശമാണ് കേരള സംസ്ഥാനം.

ചുവടെ ചേർത്തിട്ടുള്ള ഭൂപടം നിരീക്ഷിക്കൂ (ചിത്രം-10.1)




ചിത്രം 10.1

- കേരളത്തിന്റെ അയൽ സംസ്ഥാനങ്ങൾ ഏതൊക്കെയാണ്?
- കേരളത്തിൽ എത്ര ജില്ലകളുണ്ട്?
- ഏറ്റവും ചെറിയ ജില്ല ഏത്?
- കടൽത്തീരമില്ലാത്ത ജില്ലകൾ ഏതൊക്കെ?
-

ഇതുപോലെ കൂടുതൽ ചോദ്യങ്ങൾ ഈ ഭൂപടത്തെ അടിസ്ഥാനമാക്കി തയാറാക്കൂ. ഓരോ ചോദ്യത്തിനും നിങ്ങൾ കണ്ടെത്തുന്ന ഉത്തരങ്ങൾ നോട്ടുബുക്കിൽ രേഖപ്പെടുത്തുക. തയാറാക്കിയ ചോദ്യങ്ങൾ ഉപയോഗിച്ച് ക്ലാസിൽ ചോദ്യോത്തരപ്പയറ്റ് നടത്താം.


## ഭൂപ്രകൃതി

പടിഞ്ഞാറ് അറബിക്കടലിനോടു ചേർന്ന മണൽ നിറഞ്ഞ പ്രദേശങ്ങളിൽ തുടങ്ങി കുന്നുകളും താഴ്‌വരകളും കടന്ന് കിഴക്കൻ അതിർത്തിയിൽ എത്തുമ്പോഴേക്കും കുതിച്ചുപാഞ്ഞൊഴുകുന്ന കാട്ടാറുകളും ഉയരം കൂടിയ കൊടുമുടികളുമുൾക്കൊള്ളുന്ന വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് നമ്മുടെ കൊച്ചു കേരളത്തിനുള്ളത്.

സമുദ്രനിരപ്പിൽ നിന്നുള്ള ഉയരത്തെ അടിസ്ഥാനമാക്കി കേരളത്തിന്റെ ഭൂപ്രകൃതിയെ മൂന്നായിതിരിക്കാം.

ഭൂപടം (ചിത്രം-10.2) നിരീക്ഷിച്ച് കേരളത്തിന്റെ ഭൂപ്രകൃതി വിഭാഗങ്ങൾ ഏതെല്ലാമാണ് എന്നെഴുതൂ.

- മലനാട്
-
-


കേരളം
ഭൂപ്രകൃതി
കർണാടക
തമിഴ്നാട്
ലക്ഷദ്വീപ് കടൽ
75°0'0"E
76°0'0"E
77°0'0"E
13°0'0"N
12°0'0"N
11°0'0"N
10°0'0"N
9°0'0"N
N
W
E
S
0 25 50 100 കി.മീ.
സൂചിക
തീരപ്രദേശം <7.5 മീറ്റർ
ഇടനാട് 7.5 - 75 മീറ്റർ
മലനാട് >75 മീറ്റർ

ചിത്രം 10.2



## മലനാട്


സമുദ്രനിരപ്പിൽനിന്ന് ഏകദേശം 75 മീറ്ററിൽ കൂടുതൽ ഉയരമുള്ള പ്രദേശമാണ് മലനാട്. ഉയരം കൂടിയ കുന്നുകളും മലകളുമൊക്കെയുള്ള ഈ ഭൂപ്രകൃതി വിഭാഗത്തിൽ നിന്നാണ് നമ്മുടെ നദികളെല്ലാം ഉത്ഭവിക്കുന്നത്. ഈ ഭൂപ്രകൃതി വിഭാഗത്തിന്റെ ഭൂരിഭാഗവും വനങ്ങളാണ്.

### സഹ്യന്റെ മടിയിൽ...

തെക്ക് തമിഴ്നാട് മുതൽ വടക്ക് ഗുജറാത്ത് വരെ വ്യാപിച്ചു കിടക്കുന്ന പശ്ചിമഘട്ട മലനിരകളുടെ ഭാഗമാണ് കേരളത്തിന്റെ മലനാട് പ്രദേശം. കടുവ, പുലി, വരയാട്, സിംഹവാലൻ കുരങ്ങ് എന്നിവയും രാജവെമ്പാല ഉൾപ്പെടെ പലതരം പാമ്പുകൾ, നിരവധിയിനം പക്ഷികൾ, ചിത്രശലഭങ്ങൾ തുടങ്ങിയ അപൂർവമായ ജീവികളും പശ്ചിമഘട്ടത്തിലുണ്ട്.



മലമുഴക്കി വേഴാമ്പൽ



വരയാട്

ഈട്ടി, അകിൽ, ചന്ദനം, രക്ത ചന്ദനം തുടങ്ങിയ മരങ്ങളും പല തരം ഓർക്കിഡുകളും നിറഞ്ഞതാണ് പശ്ചിമഘട്ട മേഖല. ഈ പ്രദേശത്തിന് സഹ്യപർവതനിര എന്നും പേരുണ്ട്.

പശ്ചിമഘട്ടത്തിന്റെയും അവിടത്തെ ജീവജാലങ്ങളുടെയും ചിത്രങ്ങൾ ഇന്റർനെറ്റിൽ നിന്നും ശേഖരിച്ച് സാമൂഹ്യശാസ്ത്ര ലാബിലെ കമ്പ്യൂട്ടറിൽ ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.

**നിശബ്ദതയുടെ താഴ്‌വരയിൽ...**



*പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് താലൂക്കിൽ ഉൾപ്പെടുന്ന പശ്ചിമഘട്ട വനപ്രദേശമാണ് സൈലന്റ് വാലി. ചീവിടുകൾ അപൂർവ്വമായതു കൊണ്ടാണ് ഈ പ്രദേശത്തിന് 'സൈലന്റ് വാലി' (നിശബ്ദതാഴ്‌വര) എന്ന പേരുവരാൻ കാരണം. വംശനാശഭീഷണി നേരിടുന്ന സിംഹവാലൻ കുരങ്ങുകൾ ഉൾപ്പെടെ നിരവധി സസ്യജന്തുജാലങ്ങളുടെ ആവാസകേന്ദ്രം കൂടിയാണ് ഈ വനപ്രദേശം.*

## ഇടനാട്


സമുദ്രനിരപ്പിൽ നിന്നും 7.5 മീറ്റർ മുതൽ 75 മീറ്റർ വരെ ഉയരമുള്ള ഭൂപ്രദേശങ്ങൾ ഉൾപ്പെടുന്നതാണ് ഇടനാട്. ചെറിയ കുന്നുകളും താഴ്‌വരകളും നദീതടങ്ങളുമെല്ലാം ചേർന്നതാണ് ഇടനാട് മേഖല.

ഇടനാടിന്റെ കിഴക്കും പടിഞ്ഞാറും അതിരായ ഭൂപ്രകൃതി വിഭാഗങ്ങൾ ഏതൊക്കെയാണെന്ന് ഭൂപടത്തിൽനിന്നും കണ്ടെത്തൂ.



## തീരപ്രദേശം

സമുദ്രനിരപ്പിൽനിന്നും 7.5 മീറ്റർ വരെ ഉയരമുള്ള ഭാഗമാണ് തീരപ്രദേശം. പൊതുവേ മണൽ നിറഞ്ഞ ഭൂപ്രദേശമാണിത്.



## കാലാവസ്ഥ



മിതമായ കാലാവസ്ഥയാണ് കേരളത്തിൽ നിലനില്ക്കുന്നത്. അതികഠിനമായ ചൂടോ തണുപ്പോ കേരളത്തിൽ അനുഭവപ്പെടാതിരിക്കാൻ പ്രധാന കാരണം കടലിന്റെ സാമീപ്യമാണ്.



തെക്കുപടിഞ്ഞാറൻ മൺസൂൺ കാലത്ത് കേരളത്തിൽ ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നു. ജൂൺ മാസത്തിൽ തുടങ്ങുന്ന ഈ മഴക്കാലം ഇടവപ്പാതി, കാലവർഷം എന്നിങ്ങനെ അറിയപ്പെടുന്നു.

വടക്കുകിഴക്കൻ മൺസൂൺ മഴക്കാലം തുലാവർഷമെന്നാണ് അറിയപ്പെടുന്നത്. വൈകുന്നേരങ്ങളിലെ ഇടിയോടുകൂടിയ മഴയാണ് തുലാവർഷത്തിന്റെ പ്രത്യേകത.



ഏതൊക്കെ മാസങ്ങളിലാണ് കേരളത്തിൽ തുലാവർഷം അനുഭവപ്പെടുന്നത്?

ഡിസംബർ മാസത്തോടെ കേരളത്തിൽ നേരിയ തണുപ്പ് അനുഭവപ്പെടാൻ തുടങ്ങുന്നു. ഫെബ്രുവരി മധ്യത്തോടെ വേനൽക്കാലം ആരംഭിക്കുകയായി. വേനൽക്കാലത്ത് എന്തൊക്കെ പ്രത്യേകതകളാണ് നാട്ടിൽ അനുഭവപ്പെടുന്നത്?

- നദികളിൽ നീരൊഴുക്ക് കുറയുന്നു.
- 



## നദികൾ

പശ്ചിമഘട്ടത്തിൽ നിന്നുത്ഭവിച്ച് കേരളത്തിലൂടെ ഒഴുകുന്ന 44 നദികളുണ്ട്. ഇവയിൽ കബനി, ഭവാനി, പാമ്പാർ എന്നീ നദികൾ കിഴക്കോട്ടാണൊഴുകുന്നത്. പെരിയാറാണ് കേരളത്തിലെ ഏറ്റവും നീളം കൂടിയ നദി.

സാമൂഹ്യ ശാസ്ത്രലാബിലെ ഭൂപടങ്ങൾ നിരീക്ഷിച്ച് ചുവടെ കൊടുത്തിരിക്കുന്ന ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തുക.

- നിങ്ങളുടെ ജില്ലയിൽക്കൂടി ഒഴുകുന്ന നദികൾ ഏതൊക്കെയാണ്?
- കേരളത്തിലെ നദികൾ ഉത്ഭവിക്കുന്നത് ഏത് ഭൂപ്രകൃതി വിഭാഗത്തിൽ നിന്നാണ്?

നദികൾ കൊണ്ടുള്ള പ്രയോജനങ്ങൾ എഴുതുക.

- കുടിവെള്ളം
- 

ഇത്രയേറെ പ്രയോജനങ്ങളുള്ള നദികളുടെ ഇന്നത്തെ അവസ്ഥയോ?

ചിത്രം ശ്രദ്ധിക്കൂ.



കേരളത്തിലെ നദികൾ ഇന്ന് മലിനീകരണ ഭീഷണി നേരിടുകയാണ്.

നിങ്ങളുടെ നാട്ടിലെ നദികൾ ഇത്തരം ഭീഷണികൾ നേരിടുന്നുണ്ടോ? മറ്റേതൊക്കെ പ്രശ്നങ്ങളാണ് നിങ്ങളുടെ നാട്ടിലെ നദികൾ നേരിടുന്നത്?

- കരയിടിച്ചിൽ
- 



### പുനർജ്ജനി



*കാൽ നൂറ്റാണ്ടു മുമ്പ് വറ്റിവരണ്ടുപോയ അട്ടപ്പാടിയിലെ കൊടുങ്ങരപ്പള്ളംപുഴ അതിന്റെ ഒഴുക്ക് വീണ്ടെടുത്തുകൊണ്ടിരിക്കുന്നു, തമിഴ്നാട് അതിർത്തിയിലെ പെരുമാൾമുടിയിൽ നിന്ന് ഉത്ഭവിച്ച് ഭവാനിപ്പുഴയിൽ എത്തിച്ചേരുന്ന പുഴയാണ് കൊടുങ്ങരപ്പള്ളം പുഴ. വനനശീകരണമാണ് പുഴയുടെ നാശത്തിന് വഴിതെളിച്ചത്. മഴക്കുഴികൾ, തടയണകൾ എന്നിവയുടെ നിർമാണം, കാടുവെച്ചു പിടിപ്പിക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾമൂലം പുഴ നീരൊഴുക്ക് വീണ്ടെടുത്ത് അട്ടപ്പാടി പ്രദേശത്തുകൂടി വീണ്ടും ഒഴുകിക്കൊണ്ടിരിക്കുന്നു.*

നിങ്ങളുടെ നാട്ടിലെ നദികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് അന്വേഷിച്ച് കുറിപ്പ് തയ്യാറാക്കൂ.



ഇത്രയേറെ നദികൾ ഉണ്ടായിട്ടും കേരളത്തിൽ പലയിടങ്ങളിലും വേനൽക്കാലത്ത് കടുത്ത ജലക്ഷാമം അനുഭവപ്പെടുന്നു. ഇത് എന്തുകൊണ്ടായിരിക്കാം?

### കായലുകൾ



കടലിനോട് ചേർന്നു കാണപ്പെടുന്ന വലിയ ജലാശയങ്ങളാണ് കായലുകൾ. ആലപ്പുഴ, കോട്ടയം, എറണാകുളം ജില്ലകളിലായി വ്യാപിച്ചു കിടക്കുന്ന വേമ്പനാട്ടുകായൽ കേരളത്തിലെ ഏറ്റവും

വലിയ കായലാണ്. മത്സ്യബന്ധനം, കക്കവാരൽ, കയർവ്യവസായം, വിനോദസഞ്ചാരം എന്നിവയ്ക്കുവേണ്ടി കായലുകൾ പ്രയോജനപ്പെടുത്തുന്നു.

### തടാകങ്ങൾ

കരയാൽ ചുറ്റപ്പെട്ട വലിയ ജലാശയങ്ങളാണ് തടാകങ്ങൾ. കൊല്ലം ജില്ലയിലെ ശാസ്താംകോട്ട തടാകമാണ് സംസ്ഥാനത്തെ ഏറ്റവും വലിയ ശുദ്ധജലതടാകം.



കായലുകളും തടാകങ്ങളും ഒട്ടനവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. എന്തെല്ലാമാണവ?

- വ്യവസായ മാലിന്യങ്ങളുടെ നിക്ഷേപം
- 

നദികളും കായലുകളും തടാകങ്ങളും കേരളീയരുടെ ജീവിതവുമായി ഏറെ ബന്ധപ്പെട്ടിരിക്കുന്നു. ചരിത്രപരമായും സാംസ്കാരികമായും പ്രാധാന്യമർഹിക്കുന്ന പല സ്ഥലങ്ങളും നദിതീരങ്ങളിലാണ് സ്ഥിതി ചെയ്യുന്നത്. നമ്മുടെ നാടിന്റെ സംസ്കാരവുമായി ഇഴചേർന്ന് നിൽക്കുന്ന ഈ ജലാശയങ്ങൾ സംരക്ഷിക്കപ്പെടേണ്ടതല്ലേ?

### കൃഷിയും ജനജീവിതവും

കേരളം ഒരു കാർഷിക പ്രാധാന്യമുള്ള സംസ്ഥാനമാണ്. വളക്കൂറുള്ള മണ്ണും ധാരാളമായി ലഭിക്കുന്ന മഴയും കേരളത്തിൽ കൃഷിക്കനുകൂലമായ സാഹചര്യമൊരുക്കുന്നു.



തീരപ്രദേശങ്ങളിൽ തെങ്ങ്, നെല്ല് തുടങ്ങിയ വിളകളാണ് മുഖ്യമായും കൃഷി ചെയ്യുന്നത്. ഇവിടത്തെ കായലുകൾ മത്സ്യകൃഷിക്ക് വ്യാപകമായി ഉപയോഗപ്പെടുത്തുന്നു.

എന്നാൽ ഇടനാട്ടിലെത്തുമ്പോഴേക്കും വൈവിധ്യമാർന്ന വിളകൾ കൃഷിചെയ്യുന്നതായി കാണാം. നെല്ല്, തെങ്ങ്, വാഴ, ചേന, ചേമ്പ് എന്നിവ കൂടാതെ കമുക്, റബ്ബർ, മരച്ചീനി, കാപ്പി, കുരുമുളക് തുടങ്ങിയ വിളകളും ഈ മേഖലയിലുണ്ട്.

മലനാട്ടിൽ പൊതുവേ അനുഭവപ്പെടുന്ന തണുപ്പുള്ള കാലാവസ്ഥ തേയില, ഏലം, കുരുമുളക് എന്നീ വിളകൾക്ക് ഏറെ അനുയോജ്യമാണ്.

കേരളത്തിന്റെ ദേശീയോത്സവമായ ഓണം ചിങ്ങമാസത്തിലെ വിളവെടുപ്പുമായി ബന്ധപ്പെട്ടതാണെന്ന് നിങ്ങൾക്കറിയാമോ? വിഷുവിന് കാർഷിക ഫലങ്ങൾ കൊണ്ട് കണിയൊരുക്കുന്നതും പത്താമുദയത്തിന് വിളയിറക്കുന്നതുമൊക്കെ കേരളീയ സംസ്കാരത്തിൽ കൃഷിയുടെ സ്ഥാനം വ്യക്തമാക്കുന്നു.

നമ്മുടെ കാർഷികസംസ്കാരവും വിളവൈവിധ്യവും സജീവമായി നിലനിർത്തിയാലല്ലേ ഈ ആഘോഷങ്ങൾ അർത്ഥപൂർണമാകൂ?

കൃഷിയുമായി ബന്ധപ്പെട്ട പഴഞ്ചൊല്ലുകൾ ശേഖരിക്കൂ.



## വിടപറയുന്ന വിളവൈവിധ്യം

മലയാളികൾ ഇന്ന് വ്യാവസായികപ്രാധാന്യമുള്ള റബ്ബർ തുടങ്ങിയ വിളകൾ പരമ്പരാഗത വിളകൾക്കു പകരമായി കൃഷി ചെയ്യുകയാണ്.

ഉയർന്ന വിദ്യാഭ്യാസം ലഭിക്കുന്നതോടെ യോഗ്യതയ്ക്കനുസരിച്ചുള്ള തൊഴിൽതേടി പോകുന്നവരുടെ എണ്ണം കൂടുന്നു. ഇത് യുവാക്കളിൽ കൃഷിയോടുള്ള ആഭിമുഖ്യത്തിൽ കാര്യമായ മാറ്റം വരുത്തിയിട്ടുണ്ട്. കൂടാതെ പരമ്പരാഗത വിളകൾ കൃഷിചെയ്യുന്നതിനുള്ള താൽപര്യക്കുറവും ഇന്ന് കേരളത്തിലെ ഒരു പ്രശ്നമായി മാറിയിട്ടുമുണ്ട്. ഇതിനൊരു മാറ്റം വരേണ്ടതല്ലേ. ചർച്ചചെയ്യൂ.



നിങ്ങളുടെ വീട്ടിൽ ആഹാരം ഉണ്ടാക്കാൻ ഉപയോഗിക്കുന്ന കാർഷികവിഭവങ്ങൾ ഏതൊക്കെയാണ്? ഇവയെ നിങ്ങളുടെ നാട്ടിൽ കൃഷി ചെയ്യുന്നവ, മറുനാട്ടിൽ നിന്നും എത്തുന്നവ എന്നിങ്ങനെ പട്ടികപ്പെടുത്തൂ.

## എന്റെ കൃഷിത്തോട്ടം


നിങ്ങളുടെ വീട്ടുപരിസരത്തും സ്കൂൾ പരിസരത്തും കൃഷി ചെയ്യൂ.

വീട്ടിലേക്കാവശ്യമുള്ള പച്ചക്കറികൾ, നെല്ല് എന്നിവ കൃഷി ചെയ്ത് ഉല്പാദിപ്പിക്കുന്നത് ആഹ്ലാദകരമായ അനുഭവമാണ്. ഇതുകൊണ്ടുള്ള മെച്ചങ്ങളെന്തൊക്കെയാണ്?

- വിഷം പുരളാത്ത പച്ചക്കറികൾ
- 

## ഗതാഗതം


കേരളത്തിൽ ഓരോ ഭൂപ്രകൃതി വിഭാഗത്തിനും അനുയോജ്യമായ ഗതാഗതമാർഗങ്ങളാണ് രൂപപ്പെട്ടിട്ടുള്ളത്. കായലുകൾ, തടാകങ്ങൾ, നദീമുഖങ്ങൾ എന്നിവ നിറഞ്ഞ തീരപ്രദേശത്ത് ജലഗതാഗതമാർഗത്തിന് ഏറെ പ്രാധാന്യമുണ്ട്. തിരുവനന്തപുരം മുതൽ ഹോസ്ദുർഗ്വരെ നീളുന്ന ജലപാത നമുക്കുണ്ട്. മത്സ്യബന്ധനം, ഗതാഗതം, രാജ്യരക്ഷ തുടങ്ങിയവയ്ക്ക് പ്രയോജനപ്പെടുന്ന തുറമുഖങ്ങളും വികസിച്ചിട്ടുണ്ട്.



കായലുകൾക്കു കുറുകേ പാലങ്ങൾ വന്നതോടെ തീരപ്രദേശത്തുകൂടി റെയിൽപ്പാതകളും ദേശീയപാതകളും കേരളത്തിലുണ്ടായി. ഇടനാട്ടിലും മലനാട്ടിലും റോഡ് ഗതാഗതമാണ് കൂടുതലുള്ളത്. പശ്ചിമഘട്ടത്തിലെ ചുരങ്ങൾവഴി തമിഴ്നാ

ട്ടിലേക്കും കർണാടകത്തിലേക്കും ഈ പാതകൾ നീളുന്നു. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എന്നീ അന്താരാഷ്ട്രവിമാനത്താവളങ്ങളിൽനിന്നും ഇന്ത്യയുടെ വിവിധ ഭാഗങ്ങളിലേക്കും നിരവധി വിദേശരാജ്യങ്ങളിലേക്കും വിമാനസർവീസുകൾ ഉണ്ട്.

ഭൂപടം 10.3 നിരീക്ഷിക്കൂ.




ചിത്രം 10.3

- കേരളത്തിൽ റെയിൽപാതകൾ ഇല്ലാത്ത ജില്ലകൾ ഏതൊക്കെ? എന്തുകൊണ്ട്?
- ദേശീയപാതകൾ ഏറ്റവും കൂടുതലായി കടന്നുപോകുന്ന ഭൂപ്രകൃതി വിഭാഗം ഏത്? എന്തുകൊണ്ട്?

### ദൈവത്തിന്റെ സ്വന്തം നാട്

ഹരിതാഭമായ പർവ്വതങ്ങളും മലകളും നിറഞ്ഞ ഭൂപ്രകൃതി, ധാരാളമായി ലഭിക്കുന്ന മഴ, അനേകം നദികൾ, സുഖകരമായ കാലാവസ്ഥ, ഉയർന്ന സാക്ഷരതയും സംസ്കാരവുമുള്ള ജനത... ഇത്രയേറെ സമ്പന്നമായ നമ്മുടെ കേരളത്തിന്റെ വൈവിധ്യവും വിഭവസമ്പത്തും വരുംതലമുറയ്ക്കായി കാത്തു സൂക്ഷിക്കേണ്ടത് നാമോരുത്തരുടേയും കടമയാണ്. അതിനുവേണ്ടിയുള്ള പ്രവർത്തനങ്ങളിൽ നമുക്ക് പങ്കാളികളാകാം.



### സംഗ്രഹം

- ഇന്ത്യയുടെ തെക്കുഭാഗത്ത് അറബിക്കടലിന്റെ തീരത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാനമാണ് കേരളം.
- മലനാട്, ഇടനാട്, തീരപ്രദേശം എന്നിങ്ങനെ വ്യത്യസ്തമായ ഭൂപ്രകൃതിയാണ് കേരളത്തിലുള്ളത്.
- കേരളത്തിൽ ഇടവിട്ട് അനുഭവപ്പെടുന്ന മഴക്കാലവും വേനൽക്കാലവും വ്യത്യസ്ത കാർഷികവിളകൾക്ക് അനുകൂലസാഹചര്യമൊരുക്കുന്നു.
- കൃഷിയിൽ അധിഷ്ഠിതമായ ഒരു സംസ്കാരമാണ് കേരളത്തിനുള്ളത്.



### പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- കേരളത്തന്റെ സ്ഥാനം, അതിരുകൾ, ജില്ലകൾ എന്നിവ വിശദീകരിക്കുന്നു.
- കേരളത്തിലെ വിവിധ ഭൂപ്രകൃതി വിഭാഗങ്ങൾ വിശദീകരിക്കുന്നു.
- പശ്ചിമഘട്ടത്തിന്റെ പ്രാധാന്യം വിശകലനം ചെയ്യുന്നു.
- പശ്ചിമഘട്ടത്തിലെ സസ്യ, ജന്തുജാലങ്ങളുടെ ആൽബം തയ്യാറാക്കുന്നു, വിശദീകരിക്കുന്നു.
- കേരളത്തിലെ ഋതുക്കളെക്കുറിച്ച് നിഗമനങ്ങൾ രൂപപ്പെടുത്തുന്നു.
- കേരളത്തിലൂടെ ഒഴുകുന്ന നദികളുടെ ഉത്ഭവപ്രദേശം ഒഴുക്കിന്റെ ഗതി എന്നിവ ചിത്രീകരിക്കുന്നു.
- നദികൾ നേരിടുന്ന പ്രശ്നങ്ങൾ വിശകലനം ചെയ്യുന്നു.

- നദികളും കായലുകളും സംരക്ഷിക്കപ്പെടേണ്ടതാണെന്ന മൂല്യം വിവിധ മാർഗ്ഗങ്ങളിലൂടെ പ്രകടമാക്കുന്നു.
- കൃഷിയെ അടിസ്ഥാനമാക്കിയാണ് കേരളീയ സംസ്കാരം രൂപപ്പെട്ടത് എന്ന നിഗമനം രൂപപ്പെടുത്തുന്നു.
- ഭൂപ്രകൃതി പ്രത്യേകതകൾക്കനുസൃതമായി കേരളത്തിൽ വികസിച്ചിട്ടുള്ള വിവിധ ഗതാഗതമാർഗങ്ങൾ വിശകലനം ചെയ്യുന്നു.

## വിലയിരുത്താം

1. 'ഭൂപ്രകൃതിക്ക് അനുസൃതമായ കാർഷികവിളകളാണ് കേരളത്തിനുള്ളത്'. ഈ പ്രസ്താവന ശരിവയ്ക്കുന്ന ഉദാഹരണങ്ങൾ കണ്ടെത്തി എഴുതുക.
2. കേരളത്തിലെ നദികൾ നിരവധി പ്രശ്നങ്ങൾ നേരിടുന്നുണ്ട്. നിങ്ങളുടെ പ്രദേശത്തെ നദികൾ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ച് കുറിപ്പു തയാറാക്കൂ.
3. കേരളത്തിന്റെ കാലാവസ്ഥാസവിശേഷതകൾ എന്തെല്ലാമാണ്?
4. കേരളത്തിന്റെ കിഴക്കൻമേഖലയിൽ റെയിൽ ഗതാഗതം ഇല്ലാത്തത് എന്തുകൊണ്ടായിരിക്കാം?

## തുടർപ്രവർത്തനം

കാർഡ്ബോർഡും കളിമണ്ണും ഉപയോഗിച്ച് കേരളത്തിന്റെ ഭൂപ്രകൃതി മാതൃക നിർമ്മിക്കുക.

ആവശ്യമായ സാധനങ്ങൾ

30 സെ.മീ. × 30 സെ.മീ. അളവുകൾ ഉള്ള കാർഡ്ബോർഡ്

കളിമണ്ണ്

പെൻസിൽ

വാട്ടർ കളർ


മാർക്കർ പേന

30 സെ.മീ. നീളവും 30 സെ.മീ. വീതിയുമുള്ള കാർഡ്ബോർഡ് കഷണം എടുത്ത് അതിൽ കേരളത്തിന്റെ രൂപരേഖ വരയ്ക്കുക. കളിമണ്ണ് കുഴച്ച് ഈ രൂപരേഖയിൽ കേരളത്തിന്റെ മാതൃക നിർമ്മിക്കുക. ഭൂപ്രകൃതി മേഖലകൾ അടയാളപ്പെടുത്തി നിറം നൽകുക. തുണ്ടുകടലാസുകളിൽ മലനാട്, ഇടനാട്, തീരപ്രദേശം എന്നീ പേരുകൾ മാർക്കർ പേനകൊണ്ട് എഴുതി അതാത് ഭൂപ്രകൃതികളിന്മേൽ പതിക്കുക.



11

# നമ്മുടെ ഇന്ത്യ



സ്കൂൾ അസംബ്ലിയിൽ നിങ്ങൾ എടുക്കുന്ന പ്രതിജ്ഞ ഒന്ന് ഓർത്ത് നോക്കൂ. ആ പ്രതിജ്ഞ തുടങ്ങുന്നത് ഇപ്രകാരമല്ലേ?

**ഇന്ത്യ എന്റെ രാജ്യമാണ്. എല്ലാ ഇന്ത്യാക്കാരും എന്റെ സഹോദരീസഹോദരൻമാരാണ്. ഞാൻ എന്റെ രാജ്യത്തെ സ്നേഹിക്കുന്നു. സമ്പൂർണവും വൈവിധ്യപൂർണവുമായ അതിന്റെ പാരമ്പര്യത്തിൽ ഞാൻ അഭിമാനം കൊള്ളുന്നു...**

ഇന്ത്യയുടെ വൈവിധ്യപൂർണമായ പാരമ്പര്യത്തിൽ അഭിമാനം കൊള്ളുന്നവരാണ് നമ്മൾ ഇന്ത്യാക്കാർ. വേഷം, ഭാഷ, ആചാരം തുടങ്ങിയവയിലെല്ലാം പുലർത്തുന്ന വൈവിധ്യങ്ങളാണ് ഇന്ത്യയെ ഒരു വ്യത്യസ്ത



രാജ്യമാക്കുന്നത്. ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലങ്ങൾ, ജനജീവിതം തുടങ്ങിയിവയിലൊക്കെയും ഈ വൈവിധ്യങ്ങൾ നമുക്കു കാണാം. ഇത്ര യേറെ വൈവിധ്യങ്ങളുണ്ടെങ്കിലും ജാതി-മത-ഭാഷാഭേദമന്യേ ഏകോദര സഹോദരങ്ങളെപ്പോലെ ഒറ്റക്കെട്ടായി ജീവിക്കുന്നവരാണ് ഇന്ത്യാക്കാർ. ഇന്ത്യയിലെ വൈവിധ്യങ്ങളെക്കുറിച്ച് കൂടുതൽ അറിയേണ്ടേ? ഈ അധ്യായം അതിന് വഴിയൊരുക്കുന്നു.

## ഇന്ത്യ–സ്ഥാനവും അയൽ രാജ്യങ്ങളും

മുൻ അധ്യായത്തിൽ വൻകരകളെക്കുറിച്ച് നാം ചർച്ച ചെയ്തല്ലോ. ഏത് വൻകരയിലാണ് ഇന്ത്യ സ്ഥിതി ചെയ്യുന്നതെന്ന് പറയാമോ?

ഏഷ്യയുടെ ഭൂപടത്തിൽ നിന്നും ഇന്ത്യയുടെ അയൽരാജ്യങ്ങൾ ഏതെ ല്ലാമെന്ന് കണ്ടെത്തൂ.ഇതിനായി അറ്റ്ലസോ ചുമർഭൂപടങ്ങളോ ഉപയോഗ പ്പെടുത്താവുന്നതാണ്.


ഭൂപടത്തിൽ (ചിത്രം–11.1) ഇന്ത്യയുടെ തെക്കുഭാഗത്തുള്ള സമുദ്രം കണ്ടില്ലേ? ഈ സമുദ്രമാണ് ഇന്ത്യൻ മഹാസമുദ്രം. ഈ സമുദ്രത്തിന്റെ കിഴക്ക് ഭാഗം ബംഗാൾ ഉൾക്കടലെന്നും പടിഞ്ഞാറ് ഭാഗം അറബിക്കടലെന്നും അറിയ പ്പെടുന്നു.

## ഇന്ത്യ–സംസ്ഥാനങ്ങൾ

ഭരണ സൗകര്യത്തിനായി ഇന്ത്യയെ 29 സംസ്ഥാനങ്ങളായി തിരിച്ചിരിക്കു ന്നു. 2014 ജൂൺ മാസത്തിൽ ആന്ധ്രാപ്രദേശ് സംസ്ഥാനം സീമാന്ധ്രാ, തെലങ്കാന എന്നിങ്ങനെ രണ്ട് സംസ്ഥാനങ്ങളായി വിഭജിക്കപ്പെട്ടു. ഓരോ സംസ്ഥാനത്തിന്റെയും ഭരണകേന്ദ്രങ്ങൾ തലസ്ഥാനം എന്ന പേരിൽ അറി യപ്പെടുന്നു.

ഇന്ത്യയുടെ ഭൂപടം (ചിത്രം–11.1) നിരീക്ഷിച്ച് സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനനഗരങ്ങളും കണ്ടെത്തൂ.

രാജ്യത്തിന്റെ മൊത്തമായ ഭരണം കൈകാര്യം ചെയ്യുന്ന ദേശീയതലസ്ഥാ നനഗരമാണ് ഡൽഹി.


ഇന്ത്യ
രാഷ്ട്രീയ ഭൂപടം
N
ശ്രീനഗർ
ജമ്മുകാശ്മീർ
ഹിമാചൽ പ്രദേശ്
പഞ്ചാബ്
ഡെറാഡൂൺ
ഉത്തരാഖണ്ഡ്
ഹരിയാന
രാജസ്ഥാൻ
ജയ്പൂർ
ഉത്തർപ്രദേശ്
സിക്കിം
ഗാങ്ടോക്
അരുണാചൽ പ്രദേശ്
നാഗാലാന്റ്
ഇംഫാൽ
മണിപ്പൂർ
അഗർത്തല
ത്രിപുര
ഐസ്വാൾ
മിസോറാം
പാറ്റ്ന
ബീഹാർ
ഗുജറാത്ത്
ഗാന്ധിനഗർ
ഭോപ്പാൽ
മധ്യപ്രദേശ്
ജാർഖണ്ഡ്
റാഞ്ചി
പശ്ചിമബംഗാൾ
ഛത്തീസ്ഗഢ്
ഒഡിഷ
ഭുവനേശ്വർ
മഹാരാഷ്ട്ര
മുംബൈ
ഹൈദരാബാദ്
ആന്ധ്രാപ്രദേശ്
പനാജി
ഗോവ
അറബിക്കടൽ
ബംഗാൾ ഉൾക്കടൽ
ചെന്നൈ
തമിഴ്നാട്
കേരളം
തിരുവനന്തപുരം
ലക്ഷദ്വീപ്
ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹം
അന്താരാഷ്ട്ര അതിർത്തി
സംസ്ഥാന അതിർത്തി
സംസ്ഥാന തലസ്ഥാനം
ദേശീയ തലസ്ഥാനം
ഇന്ത്യൻ മഹാസമുദ്രം

ചിത്രം–11.1

സംസ്ഥാനങ്ങളെ കൂടാതെ പോണ്ടിച്ചേരി, ദാമൻ ദിയു, ദാദ്രാ നഗർ ഹവേലി, ചണ്ഡിഗഢ്, ലക്ഷദ്വീപ്, ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹം എന്നീ ആറ് കേന്ദ്രഭരണ പ്രദേശങ്ങളും ഇന്ത്യയിലുണ്ട്.

ഭൂപടം (ചിത്രം-11.1) നിരീക്ഷിച്ച് കേന്ദ്രഭരണപ്രദേശങ്ങളുടെയും ദേശീയ തലസ്ഥാന നഗരത്തിന്റെയും സ്ഥാനം കണ്ടെത്തൂ.

## ഇന്ത്യ–ഭൂപ്രകൃതി

പർവ്വതങ്ങൾ, പീഠഭൂമികൾ, സമതലങ്ങൾ, ദ്വീപുകൾ എന്നിങ്ങനെ വിവിധ ഭൂരൂപങ്ങൾ ഭൂമിയിലുണ്ട്. ഒരു ഭൂപ്രദേശത്തിൽ കാണപ്പെടുന്ന ഇത്തരം സവിശേഷതകളാണ് അവിടത്തെ ഭൂപ്രകൃതി.

ചെറുതും വലുതുമായ പർവതനിരകളും സമതലപ്രദേശങ്ങളും വിശാല മായ പീഠഭൂമി പ്രദേശങ്ങളും മരുഭൂമിയും തീരപ്രദേശങ്ങളും ദ്വീപുകളും ഉൾപ്പെട്ട വൈവിധ്യമാർന്ന ഭൂപ്രകൃതിയാണ് ഇന്ത്യയ്ക്കുള്ളത്.

### ഇന്ത്യയിലെ പർവതങ്ങൾ

വിവിധ വൻകരകളിലെ പ്രധാനപർവതനിരകളെക്കുറിച്ച് മുൻ അധ്യായത്തിൽ നിന്നും നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടാകുമല്ലോ.



ഹിമാലയപർവതം




പശ്ചിമഘട്ടനിരകൾ

ലോകത്തിലെ തന്നെ ഉയരമേറിയ പർവതനിരകളായ ഹിമാലയത്തിന്റെ ഒരു ഭാഗം ഇന്ത്യയിലാണ് ഉൾപ്പെടുന്നത്. ഹിമാലയത്തേക്കാൾ ഉയരം കുറഞ്ഞ നിരകളായ ആരവല്ലി, പശ്ചിമഘട്ടം, പൂർവ്വഘട്ടം, വിന്ധ്യാനിര കൾ, സത്പുരാനിരകൾ എന്നിവയാണ് ഇന്ത്യയിലെ മറ്റ് പ്രധാന പർവത നിരകൾ. ഈ പർവതനിരകളിൽ നിന്നെല്ലാം അനേകം നദികൾ ഉത്ഭവിക്കുന്നുണ്ട്.


## ഇന്ത്യയിലെ സമതലങ്ങൾ

അതിവിശാലമായതും നിരപ്പായതുമായ ഭൂപ്രദേശങ്ങളാണ് സമതലങ്ങൾ. ഹിമാലയ പർവതനിരകൾക്ക് തെക്കു ഭാഗത്ത് വിശാലമായ ഒരു സമതലമുണ്ട്. ഹിമാലയത്തിൽനിന്നും നദികൾ ഒഴുക്കിക്കൊണ്ടുവരുന്ന എക്കൽ നിക്ഷേപിച്ചാണ് ഈ സമതലങ്ങൾ രൂപപ്പെട്ടത്. സിന്ധു-ഗംഗ-ബ്രഹ്മപുത്ര സമതലങ്ങൾ എന്നാണ് ഈ സമതലപ്രദേശം അറിയപ്പെടുന്നത്. ഈ ഫലപുഷ്ടമായ സമതലങ്ങളിൽ ഗോതമ്പ്, നെല്ല്, ചോളം, കരിമ്പ് മുതലായ അനേകം വിളകൾ കൃഷി ചെയ്യുന്നു. അതിനാൽ ഇന്ത്യയുടെ ഭക്ഷ്യകലവറ എന്ന് ഈ പ്രദേശത്തെ വിശേഷിപ്പിക്കാറുണ്ട്.


ഗംഗാസമതലം

## ഇന്ത്യയിലെ മരുഭൂമി

വീശിയടിക്കുന്ന കാറ്റും കൊടുംചൂടും കണ്ണെത്താദൂരത്തോളം വ്യാപിച്ചിരിക്കുന്ന മണൽക്കൂനകളും മരുഭൂമികളുടെ സവിശേഷതകളാണ്. ഇന്ത്യയുടെ വടക്കുപടിഞ്ഞാറ് സ്ഥിതി ചെയ്യുന്ന രാജസ്ഥാൻ സംസ്ഥാനത്തിന്റെ കൂടുതൽ ഭാഗവും മരുഭൂമിയാണ്. ഥാർ മരുഭൂമി എന്നറിയപ്പെടുന്ന ഈ പ്രദേശത്ത് മഴ വളരെ കുറവായതിനാൽ ജനവാസവും കൃഷിയും കുറവാണ്.


ഥാർ മരുഭൂമി


## ഇന്ത്യയിലെ പീഠഭൂമികൾ

ചുറ്റുമുള്ള പ്രദേശങ്ങളെ അപേക്ഷിച്ച് ഉയർന്നതും മുകൾഭാഗം ഏറെക്കുറെ നിരപ്പായതുമായ ഭൂപ്രദേശങ്ങളാണ് പീഠഭൂമികൾ. ഇന്ത്യയിലെ ഏറ്റവും വലിയ പീഠഭൂമിയാണ് ഡക്കാൺ പീഠഭൂമി. മാൾവാ, ഛോട്ടാനാഗ്പൂർ എന്നിവയാണ് മറ്റ് പ്രധാന പീഠഭൂമികൾ.



ഡക്കാൺ പീഠഭൂമി

## ഇന്ത്യയിലെ തീരപ്രദേശങ്ങൾ



തീരപ്രദേശം

സമുദ്രത്തോട് ചേർന്ന് സ്ഥിതി ചെയ്യുന്ന നിരപ്പായ ഭൂപ്രദേശങ്ങളാണ് തീരപ്രദേശങ്ങൾ. നീളമേറിയ തീരപ്രദേശമാണ് ഇന്ത്യക്കുള്ളത്.

- ഇന്ത്യയുടെ ഏറ്റവും തെക്കു ഭാഗത്ത് സ്ഥിതിചെയ്യുന്ന തീരപ്രദേശമുള്ള സംസ്ഥാനം ഏതെന്ന് ഭൂപടത്തിൽ നിന്നും കണ്ടെത്തൂ.
- 

## ഇന്ത്യയിലെ ദ്വീപുകൾ

സമുദ്രത്താൽ ചുറ്റപ്പെട്ട കരഭാഗങ്ങളെയാണ് ദ്വീപുകൾ എന്ന് പറയുന്നത്. ഇന്ത്യയുടെ ഭാഗമായ അനേകം ദ്വീപുകൾ ഇന്ത്യൻ മഹാസമുദ്രത്തിൽ സ്ഥിതി ചെയ്യുന്നുണ്ട്. ഇന്ത്യയിലെ ദ്വീപസമൂഹങ്ങളാണ് അറബിക്കടലിലെ ലക്ഷദ്വീപും ബംഗാൾ ഉൾക്കടലിലെ ആൻഡമാൻ നിക്കോബാർ ദ്വീപസമൂഹങ്ങളും. അവയുടെ ചിത്രങ്ങളാണ് ചുവടെ നല്കിയിരിക്കുന്നത്.



ലക്ഷദ്വീപ്


ആൻഡമാൻ നിക്കോബാർ ദ്വീപുകൾ

ഭൂപടത്തിൽ (ചിത്രം - 11.1) നിന്നും ലക്ഷദ്വീപിന്റെയും ആൻഡമാൻ നിക്കോബാർ ദ്വീപുകളുടെയും സ്ഥാനം കണ്ടെത്തൂ.

## ഇന്ത്യ-നദികൾ

ഇന്ത്യയിലെ പ്രധാന പർവതനിരകളെക്കുറിച്ച് നമ്മൾ ചർച്ച ചെയ്തുവല്ലോ. ഇതിൽ മിക്ക പർവതനിരകളും അനേകം നദികളുടെ ഉത്ഭവസ്ഥാനങ്ങളാണ്. ഹിമാലയ പർവതനിരകളിൽ നിന്നുത്ഭവിക്കുന്ന സിന്ധു, ഗംഗ, ബ്രഹ്മപുത്ര എന്നിവയും ഉപദ്വീപിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്നുത്ഭവിക്കുന്ന മഹാനദി, ഗോദാവരി, കൃഷ്ണ, കാവേരി, നർമദ, താപ്തി എന്നീ നദികളുമാണ് ഇന്ത്യയിലെ പ്രധാന നദികൾ.



ഗംഗാനദി

## ഇന്ത്യ-കാലാവസ്ഥ

വളരെയധികം വൈവിധ്യമുള്ള കാലാവസ്ഥയാണ് ഇന്ത്യയിൽ നിലനിൽക്കുന്നത്. ഇന്ത്യയിൽ മഴക്കാലം, ശൈത്യകാലം, വേനൽക്കാലം എന്നിങ്ങനെയുള്ള ഋതുക്കളാണ് അനുഭവപ്പെടുന്നത്. ജൂൺ മുതൽ സെപ്തംബർ വരെയും ഒക്ടോബർ മുതൽ നവംബർ വരെയുമുള്ള രണ്ട് മഴക്കാലങ്ങളാണ് ഇന്ത്യയിൽ ഉള്ളത്. അറബിക്കടലിനോട് ചേർന്ന പടിഞ്ഞാറൻ തീരപ്രദേശങ്ങളിലും വടക്കു കിഴക്കൻ


മഴക്കാലത്ത്

സംസ്ഥാനങ്ങളിലും ഈ കാലയളവുകളിൽ ധാരാളം മഴ ലഭിക്കുന്നു. ഇന്ത്യയിൽ ഏറ്റവുമധികം മഴ ലഭിക്കുന്ന പ്രദേശമാണ് മേഘാലയിലെ ചിറാപുഞ്ചി. ഇന്ത്യയിലെ കാർഷികമേഖല ഈ മഴക്കാലങ്ങളെ ആശ്രയിച്ചാണ് നിലനിൽക്കുന്നത്.



ശൈത്യകാല ദൃശ്യം



വേനൽക്കാല ദൃശ്യം

ഡിസംബർ മുതൽ ഫെബ്രുവരി വരെയുള്ള മാസങ്ങളിലാണ് ഇന്ത്യയിൽ ശൈത്യകാലം അനുഭവപ്പെടുന്നത്. ശൈത്യകാലത്തെ തുടർന്ന് മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ ഇന്ത്യയിൽ ഉഷ്ണകാലം അനുഭവപ്പെടുന്നു.

## ഇന്ത്യ–നൈസർഗിക സസ്യജാലങ്ങളും, ജന്തുക്കളും

ഇന്ത്യയുടെ ഭൂപ്രകൃതിയിലും കാലാവസ്ഥയിലും ഏറെ വൈവിധ്യങ്ങളുണ്ടെന്ന് നിങ്ങൾ മനസ്സിലാക്കിയല്ലോ. ഈ വൈവിധ്യങ്ങൾക്കനുസൃതമായി സസ്യജാലങ്ങളിലും ജന്തുക്കളിലും ഒട്ടനവധി വൈവിധ്യങ്ങൾ നമുക്കു കാണാം. മഴക്കാടുകൾ, ഇലപൊഴിയും കാടുകൾ, മുൾക്കാടുകളും കുറ്റിക്കാടുകളും, പുൽപ്രദേശങ്ങൾ മുതലായ നൈസർഗിക സസ്യജാലങ്ങളും ഇന്ത്യയിലുണ്ട്.



മഴക്കാട്



ഇലപൊഴിയും കാട്

ആന, സിംഹം, കടുവ, പുലി, കാട്ടുപോത്ത്, മാൻ, മയിൽ, വേഴാമ്പൽ മുതലായ അനേകം പക്ഷി-മൃഗാദികളുടെ ആവാസകേന്ദ്രങ്ങളായ ഈ പ്രദേശങ്ങൾ ഇന്ത്യയുടെ വിലമതിക്കാനാകാത്ത സമ്പത്താണ് എന്നതിൽ സംശയമില്ല.



പുൽപ്രദേശം



മുൾക്കാട്

## നമ്മൾ ഇന്ത്യക്കാർ

ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജന്തുജാലങ്ങൾ ഇവയിലൊക്കെ ഇന്ത്യയിൽ ഒരുപാട് വൈവിധ്യങ്ങളുണ്ടെന്ന് മനസ്സിലായില്ലേ? ഈ വൈവിധ്യങ്ങൾക്കനുസൃതമായി ജനജീവിതത്തിലും വൈവിധ്യങ്ങളുണ്ട്.

ദക്ഷിണേന്ത്യക്കാർക്ക് അരിയാണ് പ്രധാന ഭക്ഷ്യധാന്യമെങ്കിൽ ഉത്തരേന്ത്യക്കാർക്ക് ഗോതമ്പാണ് പ്രധാന ഭക്ഷ്യധാന്യം. ആഹാരരീതിയിൽ പ്രാദേശികമായ ഈ വ്യത്യാസങ്ങൾക്ക് കാരണമെന്തായിരിക്കാം? ക്ലാസിൽ ചർച്ച ചെയ്യൂ.

ദക്ഷിണേന്ത്യക്കാർ പൊതുവെ പരുത്തിവസ്ത്രങ്ങളാണ് പ്രധാനമായും ഉപയോഗിക്കുന്നത്. എന്നാൽ പർവതപ്രദേശങ്ങളിൽ കമ്പിളി വസ്ത്രങ്ങൾക്കാണ് പ്രാമുഖ്യം. എന്തായിരിക്കാം കാരണം?

ആഘോഷങ്ങളിലുമുണ്ട് വൈവിധ്യങ്ങൾ. കേരളീയരുടെ ദേശീയോത്സവമാണല്ലോ ഓണം. തമിഴ്നാട്ടിൽ പൊങ്കലാണ് പ്രധാന ആഘോഷം. ആസാമിലെ ബിഹു, ഉത്തരേന്ത്യയിൽ ഹോളി... എന്നിങ്ങനെ ആഘോഷങ്ങളിലും ആചാരങ്ങളിലും വൈവിധ്യം പ്രകടമാണ്. ഇന്ത്യയുടെ സാംസ്കാരിക വൈവിധ്യങ്ങൾക്ക് കൂടുതൽ ഉദാഹരണങ്ങൾ കണ്ടെത്താൻ ശ്രമിക്കൂ.

- ഭാഷ
- 




നാം വസിക്കുന്ന പ്രദേശങ്ങളെക്കാൾ തികച്ചും വിഭിന്നമാണ് ഇന്ത്യയിലെ ഇതരഭാഗങ്ങൾ. ഭൂപ്രകൃതിയിലും കാലാവസ്ഥയിലും സസ്യ-ജന്തുജാല ങ്ങളിലും മാനവജീവിതത്തിലും വളരെയധികം വൈവിധ്യങ്ങളുണ്ടെങ്കിലും അതിനെല്ലാം അതീതമായി ഇന്ത്യ ഒരൊറ്റ രാജ്യമായി നിലനില്ക്കുന്നു. ഇന്ത്യയുടെ സമൃദ്ധവും വൈവിധ്യപൂർണവുമായ പാരമ്പര്യത്തിൽ തീർച്ച യായും നാം അഭിമാനം കൊള്ളുക തന്നെ ചെയ്യും.



## സംഗ്രഹം

- ഏഷ്യാ വൻകരയുടെ തെക്കു ഭാഗത്താണ് ഇന്ത്യ സ്ഥിതി ചെയ്യുന്നത്.
- ഇന്ത്യയിൽ 28 സംസ്ഥാനങ്ങളും 6 കേന്ദ്രഭരണപ്രദേശങ്ങളും ഉണ്ട്.
- പർവതങ്ങൾ, പീഠഭൂമികൾ, സമതലങ്ങൾ, തീരപ്രദേശങ്ങൾ, ദ്വീപുകൾ, എന്നിവ ഉൾപ്പെട്ട ഭൂപ്രകൃതിയാണ് ഇന്ത്യയ്ക്കുള്ളത്.
- ഇന്ത്യയിലെ പ്രധാന നദികളാണ് സിന്ധു, ഗംഗ, ബ്രഹ്മപുത്ര, മഹാ നദി, ഗോദാവരി, കൃഷ്ണ, കാവേരി, നർമ്മദ, താപ്തി എന്നിവ
- ഇന്ത്യയിലെ കാലങ്ങളെ മഴക്കാലം, ശൈത്യകാലം, വേനൽക്കാലം എന്നിങ്ങനെ തരം തിരിച്ചിരിക്കുന്നു.
- മഴക്കാട്, ഇലപൊഴിയും കാട്, മുൾച്ചെടികളും കുറ്റിക്കാടുകളും പുൽപ്രദേശങ്ങൾ, മുതലായവയാണ് ഇന്ത്യയിലെ പ്രധാന സസ്യജാല ങ്ങൾ.
- ഭൂപ്രകൃതി, കാലാവസ്ഥ, സസ്യജാലങ്ങൾ, ഭാഷ, വേഷം, ഭക്ഷണ രീതി, ആചാരങ്ങൾ, ആഘോഷങ്ങൾ എന്നിവയിലെല്ലാം വളരെയധികം വൈവിധ്യങ്ങൾ ഉണ്ടെങ്കിലും ഇതിനെല്ലാം അതീതമായി ഇന്ത്യ ഒരൊ റ്റരാജ്യമായി നിലനിൽക്കുന്നു.



## പ്രധാന പഠനനേട്ടങ്ങളിൽ പെടുന്നവ

- ഏഷ്യ വൻകരയുടെ ഭാഗമായ ഇന്ത്യയുടെ വലിപ്പം, സ്ഥാനം, അതിരു കൾ, സംസ്ഥാനങ്ങൾ, തലസ്ഥാനങ്ങൾ എന്നിവ വ്യക്തമാക്കുന്നു.
- ഇന്ത്യയുടെ ഭൗതിക സവിശേഷതകളായ ഭൂപ്രകൃതി, നദികൾ, കാലാവസ്ഥ, സസ്യ-ജന്തുജാലങ്ങൾ എന്നിവയിലെ വൈവിധ്യങ്ങൾ വിശദീകരിക്കുന്നു.
- ഇന്ത്യയുടെ സാംസ്കാരിക സവിശേഷതകളായ ഭാഷ, വേഷം, ആചാരങ്ങളും ആഘോഷങ്ങളും, ഭക്ഷണരീതി, കൃഷി, എന്നിവയിലെ വൈവിധ്യങ്ങൾ വിശദീകരിക്കുന്നു.
- നാനാത്വത്തിൽ ഏകത്വം എന്ന ആശയം വ്യക്തമാക്കുന്നു.



## വിലയിരുത്താം

1. ചുവടെ നല്കിയിരിക്കുന്ന സംസ്ഥാനങ്ങളുടെ തലസ്ഥാനങ്ങൾ ഏതെല്ലാമെന്ന് എഴുതുക.
   - അരുണാചൽ പ്രദേശ്
   - രാജസ്ഥാൻ
   - ഹിമാചൽ പ്രദേശ്
   - ഛത്തീസ്ഗഢ്
   - മിസോറാം
   - ഗോവ
2. ഇന്ത്യയുടെ ഭൂപ്രകൃതി സവിശേഷതകൾ വിശദമാക്കുക.
3. ഹിമാലയത്തിൽ നിന്നുത്ഭവിക്കുന്ന നദികളും ഉപദ്വീപീയ ഇന്ത്യയിലെ ഉയർന്ന പ്രദേശങ്ങളിൽ നിന്നുത്ഭവിക്കുന്ന നദികളും പട്ടികപ്പെടുത്തുക.
4. ഇന്ത്യയിലെ കാലാവസ്ഥാസവിശേഷതകൾ വിശദമാക്കുക.



## തുടർ പ്രവർത്തനങ്ങൾ

- ഇന്ത്യയുടെ രാഷ്ട്രീയ ഭൂപടം നിരീക്ഷിച്ച് 28 സംസ്ഥാനങ്ങളും അവയുടെ തലസ്ഥാനനഗരങ്ങളും കണ്ടെത്തി പട്ടികപൂർത്തിയാക്കുക.

| ക്രമനമ്പർ | സംസ്ഥാനങ്ങൾ | തലസ്ഥാനം |
|---|---|---|
| 1 | അരുണാചൽ പ്രദേശ് | ഇറ്റാനഗർ |
| 2 | | |
| 3 | | |
| 4 | | |
| • | | |
| • | | |
| • | | |
| 28 | | |

- ഇന്ത്യയിലെ വസ്ത്രധാരണ വൈവിധ്യം എന്ന തലക്കെട്ടിൽ ഒരു ഡിജിറ്റൽ ആൽബം തയ്യാറാക്കൂ.
- അറ്റ്ലസിന്റെയോ ചുമർഭൂപടങ്ങളുടെയോ (ഇന്ത്യ-ഭൗതികഭൂപടം) സഹായത്താൽ ഇന്ത്യയിലെ പർവതങ്ങളുടെയും സമതലങ്ങളുടെയും പീഠഭൂമികളുടെയും സ്ഥാനം കണ്ടെത്തൂ.

## കുട്ടികളുടെ അവകാശങ്ങൾ

പ്രിയമുള്ള കുട്ടികളേ,

നിങ്ങൾക്കുള്ള അവകാശങ്ങളെന്തെല്ലാമെന്ന് അറിയേണ്ടതില്ലേ? അവകാശങ്ങളെക്കുറിച്ചുള്ള അറിവ് നിങ്ങളുടെ പങ്കാളിത്തം, സംരക്ഷണം, സാമൂഹ്യനീതി എന്നിവ ഉറപ്പാക്കാൻ പ്രേരണയും പ്രചോദനവും നൽകും. നിങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ഇപ്പോൾ ഒരു കമ്മിഷൻ പ്രവർത്തിക്കുന്നുണ്ട്. കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ എന്നാണ് അതിന്റെ പേര്. എന്തെല്ലാമാണ് നിങ്ങൾക്കുള്ള അവകാശങ്ങൾ എന്നു നോക്കാം.

- സംസാരത്തിനും ആശയപ്രകടനത്തിനുമുള്ള സ്വാതന്ത്ര്യം
- ജീവന്റെയും വ്യക്തിസ്വാതന്ത്ര്യത്തിന്റെയും സംരക്ഷണം
- അതിജീവനത്തിനും പൂർണവികാസത്തിനുമുള്ള അവകാശം
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി ബഹുമാനിക്കപ്പെടാനും അംഗീകരിക്കപ്പെടാനുമുള്ള അവകാശം
- മാനസികവും ശാരീരികവും ലൈംഗികവുമായ പീഡനങ്ങളിൽ നിന്നുള്ള സംരക്ഷണത്തിനും പരിചരണത്തിനുമുള്ള അവകാശം
- പങ്കാളിത്തത്തിനുള്ള അവകാശം
- ബാലവേലയിൽനിന്നും ആപത്കരമായ ജോലികളിൽ നിന്നുമുള്ള മോചനം
- ശൈശവവിവാഹത്തിൽനിന്നുള്ള സംരക്ഷണം
- സ്വന്തം സംസ്കാരം അറിയുന്നതിനും അതനുസരിച്ച് ജീവിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം
- അവഗണനകളിൽ നിന്നുള്ള സംരക്ഷണം
- സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം
- കളിക്കാനും പഠിക്കാനുമുള്ള അവകാശം
- സ്നേഹവും സുരക്ഷയും നൽകുന്ന കുടുംബവും സമൂഹവും ലഭ്യമാകാനുള്ള അവകാശം

### നിങ്ങളുടെ ചില ഉത്തരവാദിത്വങ്ങൾ

- സ്കൂൾ, പൊതുസംവിധാനങ്ങൾ എന്നിവ നശിപ്പിക്കാതെ സംരക്ഷിക്കുക.
- സ്കൂളിലും പഠനപ്രവർത്തനങ്ങളിലും കൃത്യനിഷ്ഠ പാലിക്കുക.
- സ്കൂൾ അധികാരികളെയും അധ്യാപകരെയും മാതാപിതാക്കളെയും സഹപാഠികളെയും ബഹുമാനിക്കുകയും അംഗീകരിക്കുകയും ചെയ്യുക.
- ജാതി-മത-വർഗ-വർണ ചിന്തകൾക്കതീതമായി മറ്റുള്ളവരെ ബഹുമാനിക്കാനും അംഗീകരിക്കാനും സന്നദ്ധരാവുക.

*ബന്ധപ്പെടേണ്ട വിലാസം:*

**കേരള സംസ്ഥാന ബാലാവകാശസംരക്ഷണ കമ്മീഷൻ**
'ശ്രീ ഗണേഷ്', റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി പി.ഒ, തിരുവനന്തപുരം-34, ഫോൺ: 0471-2326603
ഇ-മെയിൽ: childrights.cpcr@kerala.gov.in, rte.cpcr@kerala.gov.in
വെബ്സൈറ്റ്: www.kescpcr.kerala.gov.in

**ചൈൽഡ് ഹെൽപ്പ്ലൈൻ - 1098, ക്രൈം സ്റ്റോപ്പർ - 1090, നിർഭയ - 1800 425 1400**
**കേരള പോലീസ് ഹെൽപ്പ് ലൈൻ - 0471 - 3243000/44000/45000**

*online R.T.E Monitoring: www.nireekshana.org.in*





**State Council of Educational Research & Training (SCERT)**
Vidyabhavan, Poojappura, Thiruvananthapuram,
Kerala - 695 012 Website www.scert.kerala.gov.in
e-mail scertkerala@gmail.com

Printed by the Chairman & Managing Director
**Kerala Books and Publications Society**
(An Undertaking of the Government of Kerala)
Kakkanad, Kochi-682 030

